14
2025
നവംബർ
വെള്ളി
തുലാം 28

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 284 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-284 പേജ് 4. വില 2.00 രൂപ




02 എസ്എസ്കെ ഫണ്ട് കിട്ടാതിരുന്നാൽ ഉത്തരവാദിത്വം തനിക്കില്ലെന്ന് ശിവൻകുട്ടി
03 അമേരിക്കയിൽ ധനാനുമതി ബില്ലിൽ ട്രംപ് ഒപ്പുവച്ചു
04 സ്ഥാനാർത്ഥിയുടെ യോഗ്യതകളും അയോഗ്യതകളും

# കപ്പലപകടം: എംഎസ്സി നഷ്ടപരിഹാരം നൽകണമെന്ന് ഗ്രീൻ പീസ് ഇന്ത്യ



തിരുവനന്തപുരം: കേരളതീരത്ത് എൽസ എന്ന കപ്പൽ മുങ്ങിയതുമായി ബന്ധപ്പെട്ട് ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരത്തുകയായ 1227 കോടി നൽകാൻ എംഎസ്സി കമ്പനി തയാറാകണമെന്ന് എൻജിഒ ആയ ഗ്രീൻ പീസ് ഇന്ത്യ ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

മേയിലുണ്ടായ കപ്പൽച്ചേതത്തെ തുടർന്ന് എണ്ണ, രാസവസ്തുക്കൾ, വൻതോതിലുള്ള പ്ലാസ്റ്റിക് പെല്ലറ്റുകൾ എന്നിവ സമുദ്ര ആവാസവ്യവസ്ഥയെയും തീരദേശ ഉപജീവനമാർഗങ്ങളെയും നശിപ്പിച്ചുവെന്ന് ഭാരവാഹികൾ കുറ്റപ്പെടുത്തി. അപകടം കടലിന്റെ ജൈവ ആവാസ വ്യവസ്ഥയ്ക്കും മത്സ്യസമ്പത്തിന്റെ ലഭ്യതയ്ക്കും മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിനും ഗുരുതര പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കപ്പൽച്ചേതം വെറും അപകടമല്ലെന്നും കോർപറേറ്റ് അവഗണനയാണെന്നും അവർ പറഞ്ഞു.

കമ്പനിയുണ്ടാക്കിയ നാശങ്ങൾ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് 8000 പരാതികളും പോസ്റ്റ് കാർഡുകളും സന്നദ്ധപ്രവർത്തകരുടെ സംഘം എംഎസ്!സി എൽസ ആസ്ഥാനത്ത് എത്തിച്ചിട്ടുണ്ട്. കാലപ്പഴക്കം ചെന്ന കപ്പലുകളുടെ ഉപയോഗം, നിയമങ്ങളിലെ പഴുതുകളുടെ ദുരുപയോഗം എന്നിവ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടും ഗ്രീൻ പീസ് പുറത്തിറക്കിയെന്നും ക്ലൈമറ്റ് കാമ്പെയിനർ എസ്എൻ അമൃത, മീഡിയ ഓഫീസർ നിബേദിത സാഹ എന്നിവർ പറഞ്ഞു.

# ചെങ്കോട്ട സ്ഫോടനം: മരണം 13 ആയി

ന്യൂഡൽഹി: ചെങ്കോട്ട സ്ഫോടനത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഒരാൾ കൂടി മരിച്ചു. എൽഎൻജെപി ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബിലാൽ എന്നയാളാണ് മരിച്ചത്. ഇതോടെ സ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 13 ആയി ഉയർന്നു.

അതേസമയം രാജ്യതലസ്ഥാനത്തെ നടുക്കിയ സ്ഫോടനത്തിൽ അന്വേഷണം വ്യാപിപ്പിച്ചതിനു പുറമെ ഭീകരരുടെ വിദേശബന്ധങ്ങളും സംശയത്തിന്റെ നിഴലിലെന്നാണ് സൂചന.

സ്ഫോടനം ഭീകരവാദപ്രവർത്തനത്തിന്റെ ഫലമാണോയെന്നതിൽ ഔദ്യോഗിക പ്രഖ്യാപനങ്ങളുണ്ടായിട്ടില്ലെങ്കിലും അതിർത്തി കടന്നുള്ള തീവ്രവാദവും വിദേശ തീവ്രവാദസംഘങ്ങളുടെ പങ്കും അന്വേഷണ ഉദ്യോഗസ്ഥരുടെ റഡാറിനു കീഴിൽ വരുന്നുണ്ടെന്നാണ് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. സ്ഫോടനത്തിനു പിന്നിലെ കാരണക്കാരനെന്നു പോലീസ് വൃത്തങ്ങൾ വ്യക്തമാക്കിയ ഡോ. ഉമർ മുഹമ്മദും ഫരീദാബാദിലെ റെയ്ഡിൽ പിടിയിലായ ഡോ. മുസമ്മിൽ ഷക്കീലും തുർക്കി സന്ദർശിച്ചെന്നും അവിടെ അവർ ജയ്ഷ് ഇ മുഹമ്മദ് സംഘടനയുടെ പ്രതിനിധിയുമായി കൂടിക്കാഴ്ച നടത്തിയെന്നുമാണ് ഉന്നതവൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

ഇവരുടെ പാസ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള തുർക്കിഷ് ഇമിഗ്രേഷൻ സ്റ്റാമ്പുകൾ അന്താരാഷ്ട്ര ഭീകര ശൃംഖലയുമായുള്ള ബന്ധം വ്യക്തമാക്കുന്നുവെന്നാണ് റിപ്പോർട്ടുകൾ.

ജയ്ഷ് ഇ മുഹമ്മദിന്റെ ഇന്ത്യയിലെ വനിതാ വിംഗ് കൈകാര്യം ചെയ്തിരുന്ന ഡോ. ഷഹീൻ അതിർത്തിക്കപ്പുറമുള്ള ഭീകര പ്രതിനിധിയുമായി സ്ഥിരമായ ബന്ധം പുലർത്തിയിരുന്നതായി നേരത്തേ വിവരമുണ്ടായിരുന്നു.

ഇപ്പോൾ ഉമറും മുസമ്മിലും തുർക്കിയിൽ മറ്റൊരു പ്രതിനിധിയെ കണ്ടെന്ന സംശയം ബലപ്പെട്ടുനിൽക്കുന്നതിനാൽ മുഴുവൻ ഗൂഢാലോചനയും വിദേശത്ത് ഉദ്ഭവിച്ചതാണോയെന്ന് അന്വേഷണ ഉദ്യോഗസ്ഥർ സംശയിക്കുന്നത്. 2008ലെ മുംബൈ ഭീകരാക്രമണത്തിന്റെ മാതൃകയിൽ ഡൽഹിയിൽ ആക്രമണപരമ്പര തന്നെ ലക്ഷ്യമിട്ടിരുന്നതായും സൂചനയുണ്ട്.

## ചെങ്കോട്ട സ്ഫോടനം: രണ്ട് വിദ്യാർഥികൾ കസ്റ്റഡിയിൽ

ന്യൂഡൽഹി: ചെങ്കോട്ട സ്ഫോടനവുമായി ബന്ധപ്പെട്ട് രണ്ട് വിദ്യാർഥികൾ കസ്റ്റഡിയിൽ. ഫരീദാബാദ് സർവകലാശാലയിലെ വിദ്യാർഥികളെയാണ് പോലീസ് കസ്റ്റഡിയിലെടുത്തത്.

സ്ഫോടനവുമായി ബന്ധപ്പെട്ട് ഇക്കോ സ്പോർട്ട് കാർ പാർക്ക് ചെയ്ത വ്യക്തി കൂടി അറസ്റ്റിലായിട്ടുണ്ട്. ഫഹീം ആണ് അറസ്റ്റിലായത്. അറസ്റ്റിലായ ഫഹീം ഉമറിന്റെ ബന്ധുവെന്നാണ് വിവരം.

ചെങ്കോട്ട സ്ഫോടനത്തിൽ പുതിയ സിസിടിവി ദൃശ്യങ്ങളും പുറത്ത് വന്നു. സ്ഫോടനത്തിനു മുൻപ് ഉമർ നബി വെള്ള ഐ20 കാറുമായി കൊണാട് പ്ലേസിൽ എത്തിയ ദൃശ്യങ്ങളാണ് പുറത്തുവന്നത്.

## പിക്കപ്വാനിന് മുകളിലേക്ക് ഗർഡർ വീണ് ഡ്രൈവർ മരിച്ചു

ആലപ്പുഴ: പിക്കപ് വാനിന് മുകളിലേക്ക് ഗർഡർ വീണ് ഡ്രൈവർ മരിച്ചു. അരൂർ - തുറവൂർ ഉയരപ്പാത നിർമാണ മേഖലയിൽ ഗർഡറുകൾ സ്ഥാപിക്കുന്നതിനിടെയാണ് ഇവ വീണത്.

ഹരിപ്പാട് പള്ളിപ്പാട് സ്വദേശി രാജേഷാണ് മരിച്ചത്. പുലർച്ചെ രണ്ടരയോടെ ചന്തിരൂരിലാണ് അപകടം ഉണ്ടായത്. രണ്ട് ഗർഡറുകളാണ് വീണത്. ഗർഡറിന് അടിയിലാണ് പിക്കപ് വാൻ കിടക്കുന്നത്. മുട്ട കൊണ്ടുപോകുന്ന പിക്കപ് വാൻ ആയിരുന്നു അപകടത്തിൽപ്പെട്ടത്.

രണ്ട് ഗർഡറുകൾ വീണതിൽ ഒന്ന് പൂർണമായും മറ്റൊന്ന് ഭാഗികമായുമാണ് പതിച്ചത്. ഗർഡർ മാറ്റിയാൽ മാത്രമേ ഡ്രൈവറിനെ പുറത്ത് എടുക്കാൻ കഴിയൂ.

ഇവിടെനിന്നുള്ള വാഹനങ്ങൾ ചേർത്തല എക്സറെ ജംഗ്ഷനിൽ നിന്ന് പൂച്ചാക്കൽ വഴിയാണ് പോകേണ്ടത്. ആലപ്പുഴ ഭാഗത്തേക്കുള്ള വാഹനം അരൂക്കുറ്റി വഴി തിരിഞ്ഞു പോകേണ്ടതാണ്.

ഇന്ന് പുലർച്ചെയോടെയാണ് അരൂർ - തുറവൂർ ഉയരപ്പാത മേഖലയിൽ പിക്കപ് വാനിന് മുകലിലേക്ക് ഗർഡർ വീണ് അപകടം ഉണ്ടായത്. പുലർച്ചെ രണ്ടരയോടെ ഉണ്ടായ അപകടത്തിൽ വാൻ ഡ്രൈവർ ഹരിപ്പാട് സ്വദേശി രാജേഷ് മരിച്ചു. പിക്കപ് വാൻ ഗർഡറിന് അടിയിൽ കിടക്കുകയാണ്.

# കടലിനടിയിൽ കണ്ടെയ്നറിന്റെ ഭാഗം കണ്ടെത്തി; എംഎസ്സി എൽസ 3 കപ്പലിലേതെന്നു സംശയം

വിഴിഞ്ഞം: വിഴിഞ്ഞത്തുനിന്ന് കൊച്ചിയിലേക്കുള്ള യാത്രക്കിടയിൽ കടലിൽ മുങ്ങിയ എംഎസ്സി എൽസ മൂന്ന് എന്ന കപ്പലിലേതെന്നു കരുതുന്ന കണ്ടെയ്നറിന്റെ ഭാഗം കോവളം കടലിന്റെ അടിത്തട്ടിൽ കണ്ടെത്തി.

കോവളം അശോക ബീച്ചിനടുത്ത് ചിപ്പി തൊഴിലാളികളാണു തീരത്ത് നിന്ന് 150 മീറ്ററോളം ഉൾക്കടലിൽ ഏകദേശം ആറു മീറ്ററോളം ആഴത്തിൽ കണ്ടെയ്നർ ഭാഗം കിടക്കുന്നതായ സംശയം പ്രകടിപ്പിച്ചത്. തുടർന്ന് ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫ്, സ്കൂബാ കൊച്ചിൻ എന്നിവയുടെ നേതൃത്വത്തിൽ നടന്ന രണ്ടു ദിവസത്തെ തെരച്ചിലിനൊടുവിലാണ് കോവളം അശോകാ ബീച്ചിൽ മുക്കം മലയുടെ തുടർച്ചയായി കടലിനടിയിലുള്ള പാറക്കൂട്ടങ്ങൾ ക്കിടയിൽ മണ്ണിൽ പുതഞ്ഞ നിലയിൽ കണ്ടെയ്നറിന്റെ ഭാഗം കണ്ടെത്തിയത്.

ഇക്കഴിഞ്ഞ മേയ് 25നു കപ്പൽ മുങ്ങിയ ശേഷം ആദ്യമായാണ് കടലിനടിയിൽ കണ്ടെയ്നറിന്റെ ഭാഗം ശ്രദ്ധയിൽപ്പെടുന്നത്. ഇപ്പോൾ കണ്ടെത്തിയ ഭാഗത്തിനു മൂന്നുമീറ്റർ നീളവും 2.45 മീറ്റർ വീതിയും ഏറ്റവും ഉയർന്ന ഭാഗത്തിന് രണ്ട് മീറ്റർ ഉയരവും ഉണ്ടെന്നു സ്കൂബാ ടീം അറിയിച്ചു. ടിഡിഎച്ച്ഒ 99 1951 (5) എന്നതാണ് കണ്ടയ്നറിലെ നമ്പർ. ഇത് എംഎസ്സി എൽസയുടെ കണ്ടെയ്നറിന്റെ ഭാഗമാണോ എന്നും എന്തുതരം വസ്തുക്കളാണ് ഈ കണ്ടെയ്നറിലുണ്ടായിരുന്നതെന്നും പരിശോധിക്കണമെന്ന് ഫ്രണ്ട്സ് മറൈൻ ലൈഫ് ചീഫ് കോഡിനേറ്റർ അറിയിച്ചു.

കൊല്ലം, തിരുവനന്തപുരം, കന്യാകുമാരി ജില്ലകളിലെ കട ലിൽ നൂറോളം പാറപ്പാരുകൾ ഇതിനോടകം എഫ്എംഎൽ ഡോക്യുമെൻറ് ചെയ്തിട്ടുണ്ട്. അത്തരം പാരുകൾ കേന്ദ്രീകരി ച്ച് തിരച്ചിൽ നടത്തിയാൽ എംഎസ്സി എൽസ മൂന്നിന്റെ കൂടുതൽ തെളിവുകൾ കണ്ടെത്താൻ കഴിയുമെന്ന് അദ്ദേഹം പറയുന്നു. എന്നാൽ കോവളത്തിന്റെ അടിത്തട്ടിൽ കണ്ടെത്തിയത് കാലി കണ്ടെയ്നർ എന്ന് ഫിഷറീസ് വകുപ്പധികൃതർ അറിയിച്ചു. എൽസാ -3 യിൽ ഉണ്ടായിരുന്ന 640 ഓളം കണ്ടെയ്നറുകളിൽ വളരെ കുറച്ച് എണ്ണം മാത്രമാണ് കരക്കടിഞ്ഞത്. ബാക്കിയുള്ളവ എന്തായെന്ന് ബന്ധപ്പെട്ട അധികൃതർക്കും ഇതുവരെ വിവരമില്ല.

# വിഴിഞ്ഞം തുറമുഖത്ത് ഇതര സംസ്ഥാന ബോട്ട്

വിഴിഞ്ഞം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് സമീപം മീൻ പിടിത്ത ട്രോളർ ബോട്ട് എത്തി. അന്യ സംസ്ഥാന തൊഴിലാളികൾ മാത്രം ജീവനക്കാരായുള്ള ബോട്ടിനെ തടഞ്ഞു നിർത്തി പരിശോധന നടത്താൻ അധികൃതർ ശ്രമിക്കുന്നതിനിടയിൽ കണ്ണുവെട്ടിച്ച് ഉൾക്കടലിലേക്ക് പോയി. പിൻതുടർന്നെത്തിയ മറൈൻ എൻഫോഴ്സ്മെൻറ് ഉദ്യോഗസ്ഥർ ബോട്ടിനെ സാഹസികമായി പിടികൂടി. കരയിൽ എത്തിച്ച് നടത്തിയ പരിശോധനയിൽ ജീവൻ രക്ഷാ സംവിധാനം പോലുമില്ലാതെ അനധികൃത ലൈറ്റ് ഫിഷിംഗിനെത്തിയ സംഘമെന്നു കണ്ടെത്തി.ഡൽഹിയിലെ ഭീകരാക്രമണവുമായി ബന്ധപ്പെട്ടുള്ള ജാഗ്രതാനിർദേശത്തിന്റെ ഭാഗമായി കടൽ പട്രോളിംഗ് അധികൃതർ ശക്തമാക്കിയിരുന്നു. ഇതിനിടയിലാണ് ട്രോളറുകൾ ഇല്ലാത്ത വിഴിഞ്ഞത്ത് തുറമുഖത്തിന് സമീപത്തെ തീരക്കടലിൽ ബോട്ട് കണ്ടെത്തിയത്. ഫിഷറീസ് അസി. ഡയറക്ടർ രാജേഷിന്റെ നേതൃത്വത്തിൽ എത്തിയ സംഘം രേഖകൾ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഉദ്യോഗസ്ഥരെ ബോട്ടിൽ കയറ്റാതിരിക്കാൻ ശ്രമം നടത്തി. 13 ജീവനക്കാരാണ് ബോട്ടിൽ ഉണ്ടായിരുന്നത്. എല്ലാവരും തമിഴ്നാട്ടുകാരും ഉത്തരേന്ത്യക്കാരുമായത് സംശയത്തിനിടവരുത്തി. ഉദ്യോഗസ്ഥർക്ക് ഉള്ളിൽ കയറാൻ ബോട്ട് അടുപ്പിക്കാത്ത സംഘം ഉൾക്കടലിലേക്ക് ഓടിച്ച് പോകാൻ ശ്രമിച്ചു. പട്രോൾബോട്ടിൽ പിന്തുടന്ന അധികൃതർ തടഞ്ഞ് നിർത്തി പിടികൂടുകയായിരുന്നു.

അസിസ്റ്റൻറ് ഡയറക്ടറുടെ നേതൃത്വത്തിൽ സബ് ഇൻസ്പെക്ടർ ഷിഹാസ്, സി. പി. ഒ റ്റിജു, ലൈഫ് ഗാർഡുമാരായ കൃഷ്ണൻ, ജോണി, ഡേവിഡ്സൺ ആൻറണി എന്നിവർ ഉൾപ്പെട്ട സംഘമാണ് പരിശോധനക്കിറങ്ങിയത്.

## ചെങ്കോട്ട സ്ഫോടനം: സമീപത്തെ മാർക്കറ്റിൽ നിന്നും കൈപ്പത്തി കണ്ടെത്തി

ന്യൂഡൽഹി: ചെങ്കോട്ട സ്ഫോടനം നടന്ന സ്ഥലത്തിനു സമീപത്തു നിന്ന് ഒരു കൈപ്പത്തി കണ്ടെത്തി. സ്ഫോടനം നടന്ന സ്ഥലത്ത് നിന്ന് 200 മീറ്റർ അകലെ ന്യൂ ലജ്പത് റായ് മാർക്കറ്റിലെ പബ്ലിക് ടോയ്റ്റിന്റെ ടെറസിലാണ് ഇത് കണ്ടെത്തിയത്. ചെങ്കോട്ടയ്ക്ക് എതിർവശത്തായി സ്ഥിതി ചെയ്യുന്ന പ്രധാന മാർക്കറ്റാണിത്.

രാവിലെ നാട്ടുകാരാണ് കൈപ്പത്തി കണ്ടെത്തിയത്. ഉടൻ തന്നെ പോലീസിനെ വിവരം അറിയിച്ചു. ഫോറൻസിക് ഉദ്യോഗസ്ഥരും സ്ഥലത്തെത്തിയിട്ടുണ്ട്.






# മലയാളി വിദ്യാർത്ഥികൾക്ക് അധിക്ഷേപം; അതൃപ്തി പ്രകടിപ്പിച്ച് സുപ്രീം കോടതി

ന്യൂഡൽഹി: സംസ്കാരത്തിന്റെയും വംശീയതയുടെയും പേരിൽ ആളുകളെ അധിക്ഷേപിക്കുന്നതിൽ ആശങ്ക പ്രകടിപ്പിച്ച് സുപ്രീംകോടതി. ഡൽഹി ചെങ്കോട്ടയ്ക്കു സമീപം രണ്ടു മലയാളിവിദ്യാർഥികളെ ആക്രമിക്കുകയും ഹിന്ദിയിൽ സംസാരിക്കാൻ നിർബന്ധിക്കുകയും ലുങ്കി ധരിച്ചതിനു പരിഹസിക്കുകയും ചെയ്ത സംഭവത്തിൽ അതൃപ്തി പ്രകടിപ്പിച്ചുകൊണ്ടാണ് കോടതിയുടെ നിരീക്ഷണം.

ഡൽഹി സർവകലാശാലയ്ക്കു കീഴിലുള്ള സാക്കിർ ഹുസൈൻ കോളജിലെ ഒന്നാംവർഷ ബിരുദ വിദ്യാർഥികൾക്കായിരുന്നു പോലീസിൽനിന്നുൾപ്പെടെ അടുത്തിടെ അതിക്രമം നേരിടേണ്ടിവന്നത്.

നാനാത്വത്തിൽ ഏകത്വം നിലനിൽക്കുന്ന ഒരു രാജ്യത്ത് ഇത്തരം വംശീയ വിവേചനങ്ങൾ അംഗീകരിക്കാൻ കഴിയില്ലെന്നും മാധ്യമ റിപ്പോർട്ടുകളിലൂടെ ഈ സംഭവം ശ്രദ്ധിച്ചിട്ടുണ്ടെന്നും ജസ്റ്റീസുമാരായ സഞ്ജയ് കുമാർ, അലോക് ആരാധെ എന്നിവരടങ്ങിയ ബെഞ്ച് പറഞ്ഞു.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ജനങ്ങളെ വംശീയ വിവേചനത്തിൽനിന്നു സംരക്ഷിക്കാൻ മാർഗനിർദേശങ്ങൾ തയാറാക്കണമെന്നാവശ്യപ്പെട്ടു 2014ൽ സമർപ്പിച്ച ഹർജി പരിഗണിക്കവെയാണു ഡൽഹി സാക്കിർ ഹുസൈൻ കോളജിൽ പഠിക്കുന്ന കേരളത്തിൽനിന്നുള്ള രണ്ടു വിദ്യാർഥികളെ ഒരു മാസം മുന്പ് ചെങ്കോട്ട പരിസരത്തുവച്ച് ആൾക്കൂട്ടവും പോലീസും മർദിച്ച സംഭവം കോടതി പരാമർശിച്ചത്. ഇത്തരം സംഭവങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടലിന്റെ ആവശ്യകതയും കോടതി ചൂണ്ടിക്കാട്ടി.

വംശീയ ആക്രമണങ്ങളും വിദ്വേഷ കുറ്റകൃത്യങ്ങളും നിരീക്ഷിക്കാനും പ്രതിരോധനടപടികൾ ശിപാർശ ചെയ്യാനും സമിതി രൂപീകരിക്കാൻ സുപ്രീംകോടതി നേരത്തേ കേന്ദ്രത്തോടു നിർദേശിച്ചിരുന്നു. പലതരത്തിലുള്ള ഇടപെടലുകളുണ്ടായിട്ടും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽനിന്നുള്ളവർക്കു നേരേ വംശീയ പരിഹാസം, ഒറ്റപ്പെടുത്തൽ, തെരഞ്ഞുപിടിച്ചുള്ള പീഡനം എന്നിവ തുടരുന്നതായി പരാതിക്കാരനുവേണ്ടി ഹാജരായ അഡ്വ. ഗയ്ചൻഗോപു ഗാംഗ്മേയി കോടതിയിൽ പറഞ്ഞു. ഇത്തരം വിഷയങ്ങൾ നിരീക്ഷിക്കാൻ ആഭ്യന്തരമന്ത്രാലയം ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടെന്ന് അഡീഷണൽ സോളിസിറ്റർ ജനറൽ കെ. എം. നടരാജൻ കോടതിയെ അറിയിച്ചപ്പോഴാണ് മലയാളി വിദ്യാർഥികൾക്കു നേരിട്ട അധിക്ഷേപത്തെപ്പറ്റി ബെഞ്ച് ചൂണ്ടിക്കാട്ടിയത്.

# ചാഞ്ചാട്ടത്തിനിടെ കുതിച്ചുയർന്ന് സ്വർണവില; പവന് കൂടിയത് 1,680 രൂപ, വീണ്ടും 93,000 കടന്നു

കൊച്ചി: സംസ്ഥാനത്ത് ചാഞ്ചാട്ടത്തിനിടെ കുതിച്ചുയർന്ന് സ്വർണവില. ഗ്രാമിന് 210 രൂപയും പവന് 1,680 രൂപയുമാണ് വർധിച്ചത്. ഇതോടെ സ്വർണവില ഗ്രാമിന് 11,715 രൂപയിലും പവന് 93,720 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണം ഗ്രാമിന് 170 രൂപ ഉയർന്ന് 9,635 രൂപയിലെത്തി. ചാഞ്ചാട്ടം തുടരുന്ന സ്വർണവില ബുധനാഴ്ച ഗ്രാമിന് 30 രൂപയും പവന് 240 രൂപയും കുറഞ്ഞിരുന്നു. കഴിഞ്ഞ ഒക്ടോബർ 22ന് ശേഷം ആദ്യമായാണ് പവൻ 93,000 കടന്നത്.

ഈ മാസം അഞ്ചിന് 89,080 രൂപയായിരുന്നു പവൻ വില. ഒരാഴ്ചത്തെ ഇടവേളയ്ക്കുശേഷം 10ന് വീണ്ടും 90, 000നു മുകളിലെത്തിയിരുന്നു. പവന് 880 രൂപയും ഗ്രാമിന് 110 രൂപയുമാണ് തിങ്കളാഴ്ച ഉയർന്നത്. പിന്നാലെ 11ന് ഗ്രാമിന് 225 രൂപയും പവന് 1,800 രൂപയും ഒറ്റയടിക്ക് വർധിച്ചു. എന്നാൽ ഉച്ചയ്ക്കു ശേഷം, ഗ്രാമിന് 40 രൂപയും പവന് 320 രൂപയും കുറയുകയായിരുന്നുണ്ടായത്.

ഒരാഴ്ചയ്ക്കിടെ പവന് 4,640 രൂപയും ഗ്രാമിന് 580 രൂപയുമാണ് വർധിച്ചത്. ഒക്ടോബർ 17നും 21നും രേഖപ്പെടുത്തിയ ഗ്രാമിന് 12,170 രൂപയും പവന് 97,360 രൂപയുമാണ് കേരളത്തിലെ സർവകാല ഉയരം.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.

# എസ്എസ്കെ ഫണ്ട് കിട്ടാതിരുന്നാൽ അതിന്റെ ഉത്തരവാദിത്വം തനിക്കില്ലെന്ന് വി. ശിവൻകുട്ടി

തിരുവനന്തപുരം: പിഎം ശ്രീ പദ്ധതിയിൽ സിപിഐക്ക് മറുപടിയുമായി വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. എസ്എസ്കെ ഫണ്ട് ഇനി കിട്ടാതിരുന്നാൽ അതിന്റെ ഉത്തരവാദിത്വം വിദ്യാഭ്യാസമന്ത്രിക്ക് ഇല്ലെന്ന് വി. ശിവൻകുട്ടി.

ഉത്തരവാദിത്വം ആരെങ്കിലും ഏറ്റെടുത്തോട്ടെ. ബിനോയ് വിശ്വത്തിന്റെ പരാമർശം വിരൽ ചൂണ്ടുന്നത് എങ്ങോട്ടാണെന്ന് വ്യക്തമാണ്. മന്ത്രിസഭാ ഉപസമിതിയെ പോലും ബിനോയ് വിശ്വം പുച്ഛത്തോടെയാണ് കണ്ടതെന്നും അദ്ദേഹം പറഞ്ഞു. ഏതെങ്കിലും കേന്ദ്രത്തിൽ നിന്ന് ഇടതുപക്ഷ ആശയം പഠിക്കേണ്ട ഗതികേട് സിപിഎമ്മിന് ഇല്ല. ആർഎസ്എസിനെ പ്രതിരോധിക്കാൻ ഞങ്ങൾ മാത്രമേ ഉള്ളൂവെന്ന് ചിലർ വരുത്തിത്തീർക്കുന്നു. തദ്ദേശ തെരഞ്ഞെടുപ്പ് ആയതിനാൽ കൂടുതൽ ഒന്നും പറയുന്നില്ലെന്നും ശിവൻകുട്ടി കൂട്ടിച്ചേർത്തു.

## കഞ്ചാവും ബ്രൗൺ ഷുഗറുമായി ഇതര സംസ്ഥാനക്കാർ അറസ്റ്റിൽ

കൊച്ചി: വില്പനയ്ക്കെത്തിച്ച കഞ്ചാവും ബ്രൗൺ ഷുഗറുമായി രണ്ട് ഇതര സംസ്ഥാനക്കാർ അറസ്റ്റിൽ. ബീഹാർ സീതാമരി സ്വദേശികളായ സിറാജുദീൻ (35), ഫൈസൽ ഷേക്ക് (20) എന്നിവരാണ് പിടിയിലായത്. ദേശാഭിമാനി റോഡ് ഈച്ചരങ്ങാട്ട് ലൈനിന് സമീപത്ത് നിന്നാണ് ഡാൻസാഫ് സംഘം ഇവരെ പിടികൂടിയത്.

## പോറ്റിയുടെയും മുരാരി ബാബുവിന്റെയും റിമാൻഡ് കാലാവധി നീട്ടി

തിരുവനന്തപുരം: ശബരിമല സ്വർണ മോഷണവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഉണ്ണികൃഷ്ണൻ പോറ്റി, മുരാരി ബാബു എന്നീ പ്രതികളുടെ റിമാൻഡ് കാലാവധി നീട്ടി. നവംബർ 27 വരെയാണ് കസ്റ്റഡി കാലാവധി നീട്ടിയിരിക്കുന്നത്.

തിരുവനന്തപുരം പ്രത്യേക വിജിലൻസ് കോടതിയുടേതാണ് ഉത്തരവ്. കേസിൽ പ്രതിയായ മുരാരി ബാബുവിന്റെ ജാമ്യാപേക്ഷ പിൻവലിച്ചു. വാസുവിന്റെ ജാമ്യാപേക്ഷ പരിഗണിക്കുന്നത് മാറ്റിവച്ചു. കൊല്ലം വിജിലൻസ് കോടതി അവധിയായതിനാലാണ് തിരുവനന്തപുരത്ത് പ്രതികളെ ഹാജരാക്കിയത്.

കേസിൽ ദേവസ്വം മുൻ പ്രസിഡൻറ് എ. പത്മകുമാറിനെ എസ്ഐടി ഉടൻ ചോദ്യം ചെയ്യും. പത്മകുമാറിന്റെ സെക്രട്ടറി അടക്കമുള്ളവരെ വിളിച്ചുവരുത്തി വിവരങ്ങൾ തേടി. കേസിൽ പ്രതിയായ ദേവസ്വം ബോർഡ് മുൻ സെക്രട്ടറി എസ്. ജയശ്രീയുടെ മുൻകൂർ ജാമ്യാപേക്ഷ പത്തനംതിട്ട ജില്ലാ കോടതി ഇന്ന് തള്ളിയിരുന്നു.

## ഗർഡർ അപകടം: കരാർ കമ്പനിക്കെതിരെ നരഹത്യക്ക് കേസെടുത്ത് പോലീസ്

ആലപ്പുഴ: അരൂർ-തുറവൂർ മേൽപ്പാത നിർമാണത്തിനിടെ ഗർഡറുകൾ പതിച്ചുണ്ടായ അപകടത്തിൽ കരാർ കമ്പനിക്കെതിരെ കേസെടുത്ത് പോലീസ്. നരഹത്യ കുറ്റം ചുമത്തിയാണ് കേസെടുത്തത്.

അപകടത്തിൽ ഹരിപ്പാട് സ്വദേശിയായ പിക്കപ്പ് വാൻ ഡ്രൈവർ രാജേഷ് മരിച്ചിരുന്നു. പുലർച്ചെ രണ്ടരയ്ക്കായിരുന്നു അപകടം. ഗർഡറുകൾ ഹൈഡ്രോളിക് ജാക്കുകൾ ഉപയോഗിച്ച് ഉയർത്തുന്നതിനിടെ നിലം പതിക്കുകയായിരുന്നു.

ചരക്കുമായി എറണാകുളം ഭാഗത്തേക്ക് പോയ രാജേഷിന്റെ വാനിന് മുകളിലേക്കാണ് ഗർഡറുകൾ വീണത്. വാഹനം പൂർണമായി തകർന്നു. ഡ്രൈവർ ക്യാബിൻ വെട്ടിപൊളിച്ചാണ് മൃതദേഹം പുറത്തെടുത്തത്.

ഹൈഡ്രോളിക് ജാക്കിന്റെ സാങ്കേതിക തകരാറാണ് അപകട കാരണമെന്ന് കരാർ കമ്പനി അശോക ബിൽഡ്കോണിന്റെ വിശദീകരണം. ഗുരുതര സുരക്ഷാ വീഴ്ചയെന്ന് ആലപ്പുഴ ജില്ലാ കളക്ടർ അലക്സ് വർഗീസ് പറഞ്ഞു.

സംഭവത്തിൽ പൊതുമരാമത്ത് മന്ത്രി പി. എ. മുഹമ്മദ് റിയാസ് റിപ്പോർട്ട് തേടി. കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിയുമായി സംസാരിച്ചെന്നും മന്ത്രി അറിയിച്ചു.

## ഗർഡർ വീണ് മരിച്ച രാജേഷിന്റെ കുടുംബത്തിന് സഹായം; 25 ലക്ഷം നൽകാമെന്ന് കരാർ കമ്പനി

കൊച്ചി: ദേശീയപാതയിൽ അരൂർ-തുറവൂർ ഉയരപ്പാത നിർമാണത്തിനിടെ ഗർഡറുകൾ വീണ് മരിച്ച പിക്ക് അപ്പ് വാൻ ഡ്രൈവറുടെ കുടുംബത്തിന് ധനസഹായം. 25 ലക്ഷം രൂപ നൽകാമെന്ന് കരാർ കന്പനി അറിയിച്ചു.

ഹരിപ്പാട് പള്ളിപ്പാട് സ്വദേശി രാജേഷ് (47) ആണ് മരിച്ചത്. കുടുംബത്തിനുള്ള തുക വെള്ളിയാഴ്ച നൽകും. 25 ലക്ഷം ചെക്കായി കൈമാറും. കാർത്തികപ്പള്ളി തഹസിൽദാർക്കാണ് ചെക്ക് കൈമാറുക. രാജേഷിന്റെ മൃതദേഹം ഉടൻ വീട്ടിലെത്തിക്കും.

ദേശീയപാത 66ൽ ചമ്മനാട് കണ്ണുകുളങ്ങര ഭാഗത്ത് മേൽപ്പാലത്തിന്റെ നിർമാണം നടന്നുകൊണ്ടിരിക്കെയാണ് ഗർഡറുകൾ നിലം പതിച്ചത്. 50 മീറ്റർ നീളമുള്ള 80 ടൺ ഭാരമുള്ള രണ്ട് കൂറ്റൻ ഗർഡറുകളാണ് സാങ്കേതിക പിഴവുമൂലം നിലം പൊത്തിയത്. ക്രെയിൻ ഉപയോഗിച്ച് ഗർഡറുകൾ സ്ഥാപിക്കുമ്പോൾ ഗതാഗത നിയന്ത്രണം ഉണ്ടായിരുന്നതിനാൽ വൻ ദുരന്തം ഒഴിവായി. പിക്ക് അപ്പ് വാനിന്റെ വലത് വശം മുഴുവനായി ഭീമിന്റെ അടിയിൽപ്പെട്ട് തകർന്നു.

## സ്വർണക്കൊള്ള: ശബരിമല സന്നിധാനത്ത് ശാസ്ത്രീയ പരിശോധന നടത്താൻ തന്ത്രിയോട് അനുമതി തേടി എസ്ഐടി

പത്തനംതിട്ട: ശബരിമല സന്നിധാനത്തെ ശാസ്ത്രീയമായ പരിശോധനയ്ക്ക് തന്ത്രിയോട് അനുമതി തേടി എസ്ഐടി. ദേവസ്വം ബോർഡ് വഴിയാണ് തന്ത്രി മഹേഷ് മോഹനരോട് അനുവാദം ചോദിച്ചത്. ദ്വാരപാലക ശില്പങ്ങളിൽ നിലവിലുള്ള പാളികൾ, കട്ടിളപാളികൾ എന്നിവയുടെ ശാസ്ത്രീയ പരിശോധന നടത്താൻ പ്രത്യേക അന്വേഷണ സംഘത്തിന് കോടതിയുടെ നിർദേശം ഉണ്ടായിരുന്നു. ഇതേത്തുടർന്നാണ് എസ്ഐടി നടപടി തുടങ്ങിയത്. സ്വർണക്കൊള്ള കേസിൽ തെളിവുകൾ ശക്തമാക്കാൻ ആണ് ഉണ്ണികൃഷ്ണൻ പോറ്റി സ്വർണം പൂശി കൊണ്ടുവന്ന തകിടുകളുടെ ശാസ്ത്രീയ പരിശോധന നടത്തുന്നത്. ഈ തീർഥാടന കാലത്തിന്റെ തുടക്കം സ്ഥാപിച്ച പാളികളിലും പരിശോധന നടത്തും.

## കേന്ദ്ര ഫണ്ട് ആരുടെയും ഔദാര്യമല്ല, കേരളത്തിന്റെ അവകാശം: വിദ്യാഭ്യാസമന്ത്രി

തിരുവനന്തപുരം: കേന്ദ്ര ഫണ്ടുമായി ബന്ധപ്പെട്ട വിഷയത്തിൽ വീണ്ടും പ്രതികരണവുമായി വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി. കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ഫണ്ട് കേരളത്തിന്റെ അവകാശമാണെന്ന് ശിവൻകുട്ടി പറഞ്ഞു. കേന്ദ്ര ഫണ്ട് ആരുടെയും ഔദാര്യമല്ല. ഈ ഫണ്ട് ഉപയോഗിക്കുന്നത് ഭിന്നശേഷി കുട്ടികൾ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ തുടങ്ങിയ അർഹതപ്പെട്ടവർക്ക് വേണ്ടിയാണ്. ഈ ഫണ്ടിനായി ശ്രമിക്കുന്നത് സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ കടമയും ജനങ്ങളോടുള്ള പ്രതിബദ്ധതയുമാണെന്നും മന്ത്രി പറഞ്ഞു.

പിഎം ശ്രീ പദ്ധതിയിൽ ഒപ്പുവയ്ക്കാനുള്ള ആദ്യഘട്ട ശ്രമം പോലും സംസ്ഥാന താൽപര്യം മുൻനിർത്തിയാണ്. നമ്മുടെ വിദ്യാഭ്യാസ നിയമങ്ങൾക്കും പാഠ്യപദ്ധതിക്കും എതിരല്ലാത്ത ഭാഗങ്ങൾ മാത്രം സ്വീകരിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഇത്. വിദ്യാഭ്യാസത്തിന്റെ മതനിരപേക്ഷതയും പുരോഗമന സ്വഭാവവും കാത്തുസൂക്ഷിക്കുക എന്നത് ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ അടിയുറച്ച നിലപാടാണ്. അതിൽ ഒരു വിട്ടുവീഴ്ചയുമില്ല. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഒരു പദ്ധതിയെ ആശ്രയിച്ചല്ല മുന്നോട്ട് പോകുന്നത്. അത് നമ്മുടെ നയമാണ്. ഈ നയം ശക്തിപ്പെടുത്താൻ സംസ്ഥാനത്തിന് അർഹതപ്പെട്ട എല്ലാ ഫണ്ടുകളും നേടാൻ ഇനിയും ശ്രമിക്കുമെന്നും ശിവൻകുട്ടി വ്യക്തമാക്കി.

## സ്വർണക്കൊള്ള: എസ്. ജയശ്രീയുടെ മുൻകൂർ ജാമ്യപേക്ഷ തള്ളി

കൊച്ചി: ശബരിമല സ്വർണക്കൊള്ളക്കേസിൽ ദേവസ്വം ബോർഡ് മുൻ സെക്രട്ടറി എസ്. ജയശ്രീയുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളി. പത്തനംതിട്ട ജില്ലാ സെഷൻസ് കോടതിയാണ് ജാമ്യാപേക്ഷ തള്ളിയത്. ദ്വാരപാലകപാളി കേസിൽ നാലാം പ്രതി ആണ് ജയശ്രീ. ജയശ്രീ മിനിട്സിൽ തിരുത്തൽ വരുത്തിയെന്നാണ് അന്വേഷണ സംഘം ചൂണ്ടിക്കാട്ടിയത്. പാളികൾ കൊടുത്തു വിടാനുള്ള ദേവസ്വം ബോർഡ് മിനിട്സിൽ ആണ് തിരുത്തുവരുത്തിയത്. ചെമ്പു പാളികൾ ഉണ്ണികൃഷ്ണൻ പോറ്റിക്ക് കൊടുത്തു വിടണം എന്നായിരുന്നു ജയശ്രീ മിനിട്സിൽ എഴുതിയത്.അതേസമയം മുൻകൂർ ജാമ്യഹർജി തള്ളിയതോടെ ജയശ്രീയെ ഉടൻ അറസ്റ്റ് ചെയ്തേക്കും.

## ജില്ലയിലെ ഏറ്റവും വലിയ സിന്തറ്റിക് മയക്കുമരുന്ന് വേട്ട; അരൂരിൽ അരക്കിലോ എംഡിഎംഎയുമായി കോഴിക്കോട് സ്വദേശി പിടിയിൽ

ആലപ്പുഴ: അരൂരിൽ അരക്കിലോയോളം എംഡിഎംഎയുമായി കോഴിക്കോട് ഫറൂക്ക് സ്വദേശി പിടിയിലായി. ഫറൂഖ് സ്വദേശിയായ ശ്രീമോനാണ് പിടിയിലായത്. ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും അരൂർ പോലീസും ചേർന്ന് അരൂരിലെ ഇയാളുടെ വാടക വീട്ടിൽനിന്നാണ് പിടികൂടിയത്. ജില്ലയിലെ ഏറ്റവും വലിയ സിന്തറ്റിക് മയക്കുമരുന്ന് വേട്ടയാണിതെന്ന് പോലീസ് വ്യക്തമാക്കി. കഴിഞ്ഞ ഒരുമാസമായി ഇയാൾ അരൂരിൽ ഭാര്യയ്ക്കൊപ്പം വാടക വീട്ടിൽ താമസിച്ച് ലഹരിവിൽപ്പന നടത്തുകയായിരുന്നു എന്നാണ് പോലീസ് പറയുന്നത്. ആലപ്പുഴ ജില്ലാ പോലീസ് മേധാവി എം. പി. മോഹനചന്ദ്രന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ കുറച്ചു നാളുകളായി ശ്രീമോൻ പോലീസ് നിരീക്ഷണത്തിലായിരുന്നു. തുടർന്നാണ് ബുധനാഴ്ച പുലർച്ചെ വീട്ടിൽ എത്തി പരിശോധന നടത്തി പ്രതിയെ അറസ്റ്റ് ചെയ്തത്. പിടിയിലായ ശ്രീമോൻ സോഫ്റ്റ്വെയർ എൻജിനീയറാണ്. ഇയാൾ മുമ്പ് ലഹരിക്കേസുകളിലും പോക്സോ കേസിലും അറസ്റ്റിലായിട്ടുണ്ടെന്ന് പോലീസ് വ്യക്തമാക്കി.

## എം പിമാരുടെ യോഗം 27 ന്

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി നവംബർ 27 രാവിലെ 10.30 മുതൽ തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ ചേരാനിരുന്ന എംപിമാരുടെ യോഗം തിരുവനന്തപുരം മാസ്ക്റ്റ് ഹോട്ടലിലെ സിംഫണി ഹാളിലേക്ക് മാറ്റി. സമയത്തിലും തീയതിയിലും മാറ്റമില്ല.

# കാലാവസ്ഥാ ദുരന്തം: മൂന്നു പതിറ്റാണ്ടിനിടെ രാജ്യത്ത് മരിച്ചത് 80, 000 പേർ

ന്യൂഡൽഹി: കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകൾക്കിടെ കാലാവസ്ഥാദുരന്തങ്ങൾ ഏറ്റവുമധികം ബാധിച്ച രാജ്യങ്ങളിൽ ഇന്ത്യ ഒന്പതാമതെന്നു റിപ്പോർട്ട്. 1995 മുതൽ രാജ്യത്തുണ്ടായിട്ടുള്ള 430 തീവ്ര കാലാവസ്ഥാ ദുരന്തങ്ങൾ മൂലം 80, 000 പേർ മരിച്ചിട്ടുണ്ടെന്നും പരിസ്ഥിതി തിങ്ക് ടാങ്കായ ജർമൻവാച്ച് പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു.

ബ്രസീലിൽ നടക്കുന്ന കാലാവസ്ഥാമാറ്റത്തെക്കുറിച്ചുള്ള യുഎൻ കോൺഫറൻസായ സിഒപി 30ലാണ് 'കാലാവസ്ഥാ അപകടസൂചിക (സിആർഐ) 2026'എന്നപേരിലുള്ള റിപ്പോർട്ട് ജർമൻവാച്ച് പുറത്തുവിട്ടത്. കാലാവസ്ഥാവ്യതിയാനം മൂലം ആഗോളതലത്തിൽ കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടെ 8,30, 000 മരണങ്ങളും 45 ലക്ഷം കോടി രൂപയുടെ നഷ്ടവുമുണ്ടായെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഉഷ്ണതരംഗങ്ങൾ, വെള്ളപ്പൊക്കങ്ങൾ, കൊടുങ്കാറ്റുകൾ തുടങ്ങിയ അതിതീവ്ര കാലാവസ്ഥാദുരന്തങ്ങൾ ഇന്ത്യയടക്കമുള്ള രാജ്യങ്ങളെ പ്രതികൂലമായി ബാധിച്ചെന്നും റിപ്പോർട്ടിലുണ്ട്.കഴിഞ്ഞ 30 വർഷത്തിനിടെ കാലാവസ്ഥാദുരന്തങ്ങൾ ഏറ്റവുമധികം ബാധിച്ചത് ഡൊമിനിക്ക, മ്യാൻമർ, ഹോണ്ടുറാസ് എന്നീ രാജ്യങ്ങളിലാണ്. ലിബിയ, ഹെയ്തി, ഗ്രനാഡ, ഫിലിപ്പീൻസ്, നിക്കരാഗ്വ, ബഹാമാസ് എന്നീ രാജ്യങ്ങളാണ് ഇന്ത്യക്കുപുറമെ ആദ്യ പത്തിലുള്ള മറ്റു രാജ്യങ്ങൾ. റിപ്പോർട്ടിൽ ഇന്ത്യയെ സംബന്ധിക്കുന്ന ഭാഗത്തിൽ 1998ലെ ഗുജറാത്ത് ചുഴലിക്കാറ്റും 1999ലെ ഒഡീഷ അതിതീവ്ര ചുഴലിക്കാറ്റും 2013ലെ ഉത്തരാഖണ്ഡ് വെള്ളപ്പൊക്കങ്ങളും 2019ൽ രാജ്യത്തുണ്ടായ വെള്ളപ്പൊക്കങ്ങളുമടക്കം പരാമർശിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടെ ഇതുപോലെ രാജ്യത്തുണ്ടായ 430 തീവ്ര കാലാവസ്ഥാദുരന്തങ്ങൾ മൂലം രാജ്യത്തിന് 17,000 കോടി ഡോളറിന്റെ നഷ്ടമുണ്ടായെന്നും 130 കോടി ആളുകളെ ബാധിച്ചെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

# നാമനിർദ്ദേശപത്രിക സമർപ്പണം : കമ്മീഷന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം

നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന വേളയിൽ തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്നുറപ്പ് വരുത്താൻ കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും വരണാധികാരികൾക്കും നിർദ്ദേശം നൽകി.നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കുന്ന സമയത്ത് ഒരു സ്ഥാനാർത്ഥിക്ക് വരണാധികാരിയുടെ / ഉപവരണാധികാരിയുടെ ഓഫീസ് പരിസരത്ത് നിന്നും 100 മീറ്ററിനകത്ത് മൂന്ന് വാഹനം മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന വേളയിൽ വരണാധികാരിയുടെ/ ഉപവരണാധികാരിയുടെ ഓഫീസിനുള്ളിൽ സ്ഥാനാർത്ഥിയടക്കം 5 പേർ മാത്രമേ പ്രവേശിക്കാവൂ.

## സൗജന്യ പരിശീലനം

യു.പി.എസ്.സി 2025-ൽ നടത്തിയ സിവിൽ സർവീസ് മെയിൻസ് പരീക്ഷ പാസായി അഭിമുഖത്തിന് യോഗ്യത നേടിയ കേരളത്തിൽ നിന്നുള്ള ഉദ്യോഗാർഥികൾക്കായി കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമി 'Adoption Scheme' ൽ പ്രഗത്ഭരായ സിവിൽ സർവീസ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സൗജന്യ പരിശീലനം, അഭിമുഖത്തിന് പങ്കെടുക്കുവാൻ ന്യൂഡെൽഹി കേരള ഹൗസിൽ സൗജന്യ താമസ ഭക്ഷണ സൗകര്യം, അഭിമുഖത്തിനായി ന്യൂഡൽഹിയിലേക്കും തിരിച്ചുമുള്ള എയർ/ ട്രെയിൻ ടിക്കറ്റ് ചാർജ് എന്നിവ നൽകിവരുന്നു.ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി https://kscsa.org ൽ ഓൺലൈനായി രജിസ്റ്റർ ചെയ്ത് അപേക്ഷയുടെ പകർപ്പും ആവശ്യമായ രേഖകളും അക്കാഡമിയിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 8281098863,

# ഭരണഘടനാ ദിനാചരണം 26ന്

ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായി നവംബർ 26ന് സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഭരണഘടനാ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് നിർദേശിച്ച് പൊതുഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചു (10-11-2025se Cdn.4/ 173/2025/GAD). ഡോ. ബി.ആർ. അബേദ്ക്കർ ഉൾപ്പെടെയുള്ള ഭരണഘടനാ ശിൽപ്പികൾക്കുള്ള ആദരമായാണ് ഭരണഘടനാ ദിനാചരണം സംഘടിപ്പിക്കുന്നത്.

ജില്ലാ കളക്ടർമാർ, വകുപ്പ് മേധാവികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ചീഫ് എക്സിക്യൂട്ടിവ് എന്നിവർ ഭരണഘടനാ ദിനാഘോഷത്തിനുള്ള നടപടികൾ സ്വീകരിക്കണം. എല്ലാ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും അന്നു രാവിലെ 11ന് ഭരണഘടനയുടെ ആമുഖം വായിക്കണം.

ഭരണഘടനയെക്കുറിച്ചുള്ള വെബിനാറുകൾ, സംവാദം, പ്രസംഗം, ഉപന്യാസം, ക്വിസ് തുടങ്ങിയ മത്സരങ്ങൾ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കാം. സർവകലാശാലകൾക്ക് ഭരണഘടനയുമായി ബന്ധപ്പെട്ട പ്രത്യേക ചർച്ചകൾ നടത്താമെന്നും സർക്കുലറിൽ നിർദേശിച്ചു.

## തദ്ദേശ തിരഞ്ഞെടുപ്പ് : മീഡിയ റിലേഷൻസ് കമ്മിറ്റി രൂപീകരിച്ചു

പൊതുതിരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള മാധ്യമസംബന്ധിയായ കാര്യങ്ങൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷനെ സഹായിക്കുന്നതിനായി സംസ്ഥാനതല മീഡിയ റിലേഷൻസ് കമ്മിറ്റി രൂപീകരിച്ചു.സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിചെയർമാനും, പബ്ലിക് റിലേഷൻസ് ഓഫീസർ കൺവീനറുമായ മീഡിയ റിലേഷൻസ് സമിതിയിൽ തിരഞ്ഞെടുപ്പ് കമ്മീഷനിലെ ലോ ഓഫീസർ, കൺസൽട്ടൻറ് (ഇലക്ഷൻ), ഐ പി ആർ ഡി ഡയറക്ടർ, കെ യു ഡബ്ള്യൂ ജെ തിരുവനന്തപുരം ജില്ലാ പ്രസിഡൻറ് ഷില്ലർ സ്റ്റീഫൻ, മുതിർന്ന മാധ്യമപ്രവർത്തകനായ മലയിൻകീഴ് ഗോപാലകൃഷ്ണൻ, ഇൻഫർമേഷൻ കേരള മിഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ. പി കെ നൗഫൽ, സൈബർഡോം പോലീസ് ഇൻസ്പെക്ടർ കെ ജി കൃഷ്ണൻ പോറ്റി എന്നിവർ അംഗങ്ങളാണ്.

മാധ്യമസംബന്ധിയായ പരാതികളും ആക്ഷേപങ്ങളും സമിതി പരിശോധിച്ച് നിയമപരമായ നടപടി സ്വീകരിക്കും. മീഡിയ റിലേഷൻസ് കമ്മിറ്റിയുടെ ഇ-മെയിൽ: secmediamonitoring@gmail.com

## ബിജെപി നേതാവ് അമോൽ ആചാർജി കോൺഗ്രസിൽ

കോൽക്കത്ത: ബംഗാളിലെ ബിജെപി നേതാവും മുൻ എംഎൽഎയുമായ അമോൽ ആചാർജി കോൺഗ്രസിൽ ചേർന്നു. 2021ൽ തൃണമൂൽ കോൺഗ്രസിൽനിന്നു രാജിവച്ചാണ് അമോൽ ബിജെപിയിൽ ചേർന്നത്. ഉത്തർ ദിനാജ്പുരിലെ ഇത്താഹർ മണ്ഡലത്തിൽനിന്ന് രണ്ടു തവണ അമോൽ നിയമസഭാംഗമായി. ഇതേഹാറിലെ നിരവധി ബിജെപി പ്രവർത്തകരും അമോലിനൊപ്പം കോൺഗ്രസിൽ ചേർന്നു.

## പാലക്കാട് തമിഴ്നാട് സ്വദേശി പുഴയിൽ മുങ്ങി മരിച്ച നിലയിൽ

പാലക്കാട്: കാവശേരിയിൽ തമിഴ്നാട് സ്വദേശിയെ പുഴയിൽ മുങ്ങി മരിച്ച നിലയിൽ കണ്ടെത്തി. ഊട്ടി കാട്ടുപെട്ടി സ്വദേശി ബാലാജി(27) ആണ് മരിച്ചത്. പാലക്കാട് കാവശേരിയിൽ ബന്ധുവീട്ടിലെത്തിയതായിരുന്നു ബാലാജി. ചികിത്സയുടെ ആവശ്യത്തിനായാണ് ബാലാജി കാവശേരിയിലുള്ള ബന്ധുവീട്ടിലെത്തിയത്. പാടൂർ തോണിക്കടവ് പാലത്തിന് സമീപം ബുധനാഴ്ച വൈകിട്ട് നാല് മണിയോടെയാണ് മൃതദേഹം കണ്ടെത്തിയത്.

# ചെങ്കോട്ട സ്ഫോടനം: ഒരു ഡോക്ടർ കൂടി അറസ്റ്റിൽ, പിടിയിലായ ഡോക്ടർമാരുടെ എണ്ണം ആറായി

ന്യൂഡൽഹി: ചെങ്കോട്ട സ്ഫോടനവുമായി ബന്ധപ്പെട്ട് ഒരു ഡോക്ടർ കൂടി കസ്റ്റഡിയിൽ. അനന്ത്നാഗ് സ്വദേശി മുഹമ്മദ് ആരിഫ് ആണ് പിടിയിലായത്. യുപിയിലെ കാൺപുരിൽ നിന്നാണ് ഇയാളെ കസ്റ്റഡിയിൽ എടുത്തത്. ഇതോടെ പിടിയിലായ ഡോക്ടർമാരുടെ എണ്ണം ആറായി.

അതേസമയം, കേസുമായി ബന്ധപ്പെട്ട ഗൂഢാലോചനയിൽ പങ്കാളികളായ കൂടുതൽ ഡോക്ടർമാർക്കായി എൻഐഎ തിരച്ചിൽ തുടരുകയാണ്. രണ്ടിലേറെ ഡോക്ടർമാർ കൂടി ഈ ശൃംഖലയിലുണ്ടെന്നാണ് നിഗമനം. ചെങ്കോട്ട സ്ഫോടനം ഭീകരാക്രമണംതന്നെയാണെന്ന് ബുധനാഴ്ച കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ വസതിയിൽ വിളിച്ചുചേർത്ത സുരക്ഷാകാര്യങ്ങൾക്കായുള്ള മന്ത്രിസഭാസമിതിയുടെ (സിസിഎസ്) അടിയന്തര യോഗത്തിൽ പാസാക്കിയ പ്രമേയത്തിലാണ് സ്ഫോടനം രാജ്യവിരുദ്ധ ശക്തികൾ നടത്തിയ ആക്രമണമാണെന്നതിൽ വ്യക്തത വരുത്തിയത്.

മന്ത്രിസഭായോഗം ചേർന്നതിനുശേഷം കേന്ദ്ര പ്രസ് ഇൻഫർമേഷൻ ബ്യൂറോയിലൂടെ പുറത്തുവിട്ട പ്രസ്താവനയിൽ സുരക്ഷാകാര്യങ്ങൾക്കായുള്ള മന്ത്രിസഭാ സമിതി യോഗത്തിൽ പാസാക്കിയ പ്രമേയങ്ങളെക്കുറിച്ചു വ്യക്തമാക്കിയിട്ടുണ്ട്. ദേശവിരുദ്ധ ശക്തികൾ നടത്തിയ ഹീനമായ ഒരു ഭീകരസംഭവത്തിൽ കുറ്റവാളികളെയും അവരുടെ സഹകാരികളെയും അവരുടെ സ്പോൺസർമാരെയും കാലതാമസമില്ലാതെ തിരിച്ചറിഞ്ഞ് നിയമത്തിനു മുന്നിൽ കൊണ്ടുവരാനായി അന്വേഷണം മികവോടെയും എത്രയും വേഗവും നടത്താൻ മന്ത്രിസഭ നിർദേശിച്ചിട്ടുണ്ട്.

# ഡൽഹി സ്ഫോടനം; ഭീകരർക്കായി തെരച്ചിൽ ഊർജിതം

ന്യൂഡൽഹി: രാജ്യതലസ്ഥാനത്തെ നടുക്കിയ സ്ഫോടനത്തിൽ അന്വേഷണം വ്യാപിപ്പിച്ചതിനു പുറമെ ഭീകരരുടെ വിദേശബന്ധങ്ങളും സംശയത്തിന്റെ നിഴലിലെന്നു സൂചന.

സ്ഫോടനം ഭീകരവാദ പ്രവർത്തനത്തിന്റെ ഫലമാണോയെന്നതിൽ ഔദ്യോഗിക പ്രഖ്യാപനങ്ങളുണ്ടായിട്ടില്ലെങ്കിലും അതിർത്തി കടന്നുള്ള തീവ്രവാദവും വിദേശ തീവ്രവാദസംഘങ്ങളുടെ പങ്കും അന്വേഷണ ഉദ്യോഗസ്ഥരുടെ റഡാറിനു കീഴിൽ വരുന്നുണ്ടെന്നാണ് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

സ്ഫോടനത്തിനു പിന്നിലെ കാരണക്കാരനെന്നു പോലീസ് വൃത്തങ്ങൾ വ്യക്തമാക്കിയ ഡോ. ഉമർ മുഹമ്മദും ഫരീദാബാദിലെ റെയ്ഡിൽ പിടിയിലായ ഡോ. മുസമ്മിൽ ഷക്കീലും തുർക്കി സന്ദർശിച്ചെന്നും അവിടെ അവർ ജയ്ഷ് ഇ മുഹമ്മദ് സംഘടനയുടെ പ്രതിനിധിയുമായി കൂടിക്കാഴ്ച നടത്തിയെന്നുമാണ് ഉന്നതവൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ഇരുടെ പാസ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള തുർക്കിഷ് ഇമിഗ്രേഷൻ സ്റ്റാന്പുകൾ അന്താരാഷ്ട്ര ഭീകര ശൃംഖലയുമായുള്ള ബന്ധം വ്യക്തമാക്കുന്നുവെന്നാണ് റിപ്പോർട്ടുകൾ.

ജയ്ഷ് ഇ മുഹമ്മദിന്റെ ഇന്ത്യയിലെ വനിതാ വിംഗ് കൈകാര്യം ചെയ്തിരുന്ന ഡോ. ഷഹീൻ അതിർത്തിക്കപ്പുറമുള്ള ഭീകര പ്രതിനിധിയുമായി സ്ഥിരമായ ബന്ധം പുലർത്തിയിരുന്നതായി നേരത്തേ വിവരമുണ്ടായിരുന്നു. ഇപ്പോൾ ഉമറും മുസമ്മിലും തുർക്കിയിൽ മറ്റൊരു പ്രതിനിധിയെ കണ്ടെന്ന സംശയം ബലപ്പെട്ടു നിൽക്കുന്നതിനാൽ മുഴുവൻ ഗൂഢാലോചനയും വിദേശത്ത് ഉദ്ഭവിച്ചതാണോയെന്ന് അന്വേഷണ ഉദ്യോഗസ്ഥർ സംശയിക്കുന്നു.

2008ലെ മുംബൈ ഭീകരാക്രമണത്തിന്റെ മാതൃകയിൽ ഡൽഹിയിൽ ആക്രമണപരന്പര തന്നെ ലക്ഷ്യമിട്ടിരുന്നതായും സൂചനയുണ്ട്. രാജ്യതലസ്ഥാനത്തെയും ഗുരുഗ്രാമിലെയും ഫരീദാബാദിലെയും ഹൈപ്രൊഫൈൽ പ്രദേശങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് ആക്രമണം നടത്തുന്നതിനായി അറസ്റ്റിലായ ഡോക്ടർമാർ 200 ഐഇഡി ബോംബുകൾ തയാറാക്കിക്കൊണ്ടിരിക്കുകയായിരുന്നുവെന്നാണ് പോലീസ് വൃത്തങ്ങൾ സൂചിപ്പിക്കുന്നത്. സ്ഫോടനം നടന്ന സ്ഥലത്തുനിന്ന് ഫോറൻസിക് സംഘം കണ്ടെത്തിയ 40ലധികം വസ്തുക്കളിൽ രണ്ട് വെടിയുണ്ടകളും (കാട്രിഡ്ജും) രണ്ടു വ്യത്യസ്ത തരം സ്ഫോടകവസ്തുക്കളുടെ സാന്പിളുകളും കണ്ടെത്തിയിട്ടുണ്ട്. ഒരു സ്ഫോടകവസ്തു സാന്പിൾ അമോണിയം നൈട്രേറ്റാണെന്നാണു പ്രാഥമിക നിഗമനം. രണ്ടാമത്തെ സ്ഫോടകവസ്തുവിന്റെ സാന്പിൾ അമോണിയം നൈട്രേറ്റിനേക്കാൾ ശക്തമാണെന്ന് വിശ്വസിക്കുന്നതായും വിശദമായ പരിശോധനയ്ക്കുശേഷം മാത്രമേ ഇതിൽ വ്യക്തത കൈവരികയുള്ളൂവെന്നും അധികൃതർ സൂചിപ്പിച്ചു.

# ഭീകരശൃംഖല തകർത്തു; ആയുധങ്ങളും സ്ഫോടകവസ്തുക്കളും പിടികൂടി

ശ്രീനഗർ: ജമ്മു കാഷ്മീരിൽ ഭീകരസംഘടനകളായ ജയ്ഷ് ഇ മുഹമ്മദിന്റെയും അൻസാർ ഗസ്വതുൾ ഹിന്ദിന്റെയും പോസ്റ്ററുകളുമായി രണ്ട് പ്രവർത്തകരെ പിടികൂടിയതോടെ വൻ അന്തർസംസ്ഥാന-അന്താരാഷ്ട്ര ഭീകരശൃംഖല തകർക്കാൻ സാധിച്ചതായി അധികൃതർ അറിയിച്ചു. ആയുധങ്ങളോടൊപ്പം 2,900 കിലോഗ്രാം സ്ഫോടക വസ്തുക്കളും പിടിച്ചെടുത്തിട്ടുണ്ട്. ഇവരെ ശ്രീനഗർ പോലീസ് അറസ്റ്റ് ചെയ്തത് ഈ മാസം രണ്ടിനാണ്. ലോക്കൽ പോലീസിന്റെ അതിവേഗത്തിലുള്ള അന്വേഷണത്തോടെ മൂന്ന് ദിവസത്തിനുള്ളിൽ ഇവരുടെ പദ്ധതികൾ വെളിച്ചത്താകുകയായിരുന്നു.

നൗഗാം മേഖലയിലെ മസ്ജിദിൽ പ്രാർഥനാക്കൂട്ടായ്മയുടെ നേതാവായി പ്രവർത്തിച്ചിരുന്ന മൗലവി ഇർഫൻ അഹമ്മദ് നേതൃത്വം നൽകുന്ന വലിയൊരു ശൃംഖലയുടെ ഭാഗമാണിവരെന്ന് ചോദ്യം ചെയ്യലിൽ വ്യക്തമായി. ഷോപ്പിയാൻ സ്വദേശിയാണ് മൗലവി.

നിരവധി യുവഡോക്ടർമാർ ശൃംഖലയുടെ ഭാഗമാണെന്ന് മൗലവി വെളിപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ഉത്തർപ്രദേശിലെ സഹാരൻപുരിൽ എത്തിയ പോലീസ് സംഘം ഡോ. അദീൽ അഹമ്മദ് റാത്തെറിനെ ഒരു സ്വകാര്യ ആശുപത്രിയിൽ നിന്നും പിടികൂടി. ഇയാളെ ചോദ്യംചെയ്തതോടെ ഒരു സ്വകാര്യ ആശുപത്രിയിലെ ലോക്കറിൽ സൂക്ഷിച്ച എകെ 47 തോക്ക് പോലീസിന് കണ്ടെടുക്കാനായി. ഫരീദാബാദിലും മറ്റ് സ്ഥലങ്ങളിലും സൂക്ഷിച്ചിരിക്കുന്ന വൻസ്ഫോടക ശേഖരത്തെക്കുറിച്ചും ഇയാൾ പിന്നീട് വെളിപ്പെടുത്തി. ഇത് ഡോ. മുസമ്മിൽ അഹമ്മദിന്റെ അറസ്റ്റിലേക്കും നയിച്ചു. ഡൽഹി സ്ഫോടനക്കേസിലെ മുഖ്യ പ്രതി ഉമർ നബി ജോലി ചെയ്തിരുന്ന ആശുപത്രിയിലായിരുന്നു ഇയാൾ ജോലി ചെയ്തിരുന്നത്. പിടിയിലായവരുമായി ബന്ധമുള്ള മറ്റുള്ളവരെയും പോലീസ് ചോദ്യം ചെയ്തിവരികയാണ്.

# ഡോ. ഷഹീനുമായുള്ള ബന്ധം പിരിഞ്ഞത് വിദേശയാത്രയെച്ചൊല്ലി: മുൻ ഭർത്താവ്

ന്യൂഡൽഹി: ഫരീദാബാദിൽ വൻ സ്ഫോടകവസ്തു ശേഖരം പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഡോ. ഷഹീൻ സഈദിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പുറത്ത്. ഡോ. ഷഹീൻ പുരോഗമന കാഴ്ചപ്പാടുള്ളയാളായിരുന്നുവെന്നും മതവിശ്വാസിയായിരുന്നില്ലെന്നും അവരുടെ മുൻ ഭർത്താവും മഹാരാഷ്ട്ര സ്വദേശിയുമായ ഡോ. ഹയാത്ത് സഫർ മാധ്യമങ്ങളോടു പറഞ്ഞു. 2015ലാണ് ഇരുവരും വേർപിരിഞ്ഞത്. പിരിയുന്നതിനു മുമ്പ് രണ്ടു മക്കളുമായി ഓസ്ട്രേലിയയിലോ യൂറോപ്പിലോ സ്ഥിരതാമസമാക്കണമെന്ന് ഷഹീൻ ആഗ്രഹിച്ചിരുന്നുവെന്നും ഓസ്ട്രേലിയയിലേക്കു പോകുന്നതിനെച്ചൊല്ലി തങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നുവെന്നും ഡോ. ഹയാത്ത് വ്യക്തമാക്കി. 2015ൽ വേർപിരിഞ്ഞശേഷം തനിക്കു ഷഹീനുമായി ബന്ധമില്ലെന്നും രണ്ടു മക്കളും തന്നോടൊപ്പമാണു താമസിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഷഹീനിന്റെ അറസ്റ്റ് വിശ്വസിക്കാനായില്ലെന്നാണ് പിതാവ് സയ്യിദ് അഹമ്മദ് അൻസാരി പറഞ്ഞത്. മകൾ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് താൻ അറിഞ്ഞിരുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഷഹീൻ അവസാനമായി താനുമായി സംസാരിച്ചത് ഒരു മാസം മുമ്പാണെങ്കിലും മകളുടെ മുൻ ഭർത്താവായ ഡോ. ഹയാത്ത് സഫറുമായി താൻ എല്ലാ ആഴ്ചയും സംസാരിക്കാറുണ്ടായിരുന്നുവെന്ന് അഹമ്മദ് അൻസാരി പറഞ്ഞു. വനിതാ വിഭാഗം രൂപവത്കരിക്കാൻ ലക്ഷ്യമിട്ട് ജയ്ഷ് ഇ മുഹമ്മദ് നടത്തിയ റിക്രൂട്ട്മെൻറ് ഡ്രൈവിനിടെയാണ് ഷഹീൻ ഭീകരവാദത്തിലേക്ക് ആകർഷിക്കപ്പെട്ടതെന്നാണ് ഉദ്യോഗസ്ഥർ നൽകുന്ന സൂചന.

പിന്നീട് സംഘത്തിലേക്കുള്ള റിക്രൂട്ട്മെൻറ് പ്രവർത്തനങ്ങൾക്ക് അവർ മേൽനോട്ടം വഹിക്കുകയും 35 മുതൽ 40 ലക്ഷം രൂപ വരെ വരുന്ന ഫണ്ട് കൈമാറ്റം ഏകോപിപ്പിക്കുകയും ചെയ്തതായും ഇതിൽ ഭൂരിഭാഗവും അവരുടെ ബന്ധങ്ങൾ വഴിയാണു കൈമാറ്റം ചെയ്യപ്പെട്ടതെന്നും അന്വേഷണ ഉദ്യോഗസ്ഥർ പറയുന്നു.

ഷഹീൻ ഇതിനുമുന്പ് ഉത്തർപ്രദേശിലെ കാൺപുരിലുള്ള ജിഎസ്വിഎം മെഡിക്കൽ കോളജിൽ ലക്ചററായി ജോലി ചെയ്തിരുന്നു. പബ്ലിക് സർവീസ് കമ്മീഷൻ വഴിയാണ് അവർക്കു നിയമനം ലഭിച്ചത്. എന്നാൽ, മുന്നറിയിപ്പില്ലാതെ ജോലിക്കു ഹാജരാകാതിരിക്കുന്നത് പതിവായതോടെ 2021ൽ അവരെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ആരെയും അറിയിക്കാതെ ഷഹീൻ പുറത്തുപോകുമായിരുന്നുവെന്ന് അൽ ഫലാ സർവകലാശാലയിലെ ഒരു പ്രഫസർ പറഞ്ഞു.

## ചെങ്കോട്ട സ്ഫോടനം: ഭീകരർ ഉപയോഗിച്ച ബ്രെസ കാർ കണ്ടെത്തി

ന്യൂഡൽഹി: ചെങ്കോട്ട സ്ഫോടന കേസിലെ പ്രതികൾ ഉപയോഗിച്ച ബ്രീസാ കാർ കണ്ടെത്തി. അൽ ഫലാഹ് സർവകലാശാലയിൽ പാർക്ക് ചെയ്ത നിലയിലാണ് കാർ കണ്ടെത്തിയത്. ഭീകര സംഘത്തിലെ വനിത ഡോക്ടറായ ഷഹീന്റെ കാറാണ് കണ്ടെത്തിയത്. പ്രതികൾ ഉപയോഗിച്ചിരുന്ന രണ്ടാമത്തെ കാർ കഴിഞ്ഞ ദിവസം കണ്ടെത്തിയിരുന്നു. ചുവന്ന എക്കോ സ്പോർട്ട് കാറാണ് കണ്ടെത്തിയത്.

ഫരീദാബാദ് പോലീസാണ് വാഹനം പിടികൂടിയത്. ഖണ്ഡവാലി ഗ്രാമത്തിൽ പാർക്ക് ചെയ്തിരുന്ന നിലയിലായിരുന്നു ഈ കാർ. സ്ഫോടനത്തിന് ഉപയോഗിച്ച ഹ്യുണ്ടായി ഐ20 കാറിന് പുറമേ രണ്ട് കാറുകൾ കൂടി ഉമറും മുസമിലും വാങ്ങിയതായാണ് പോലീസിന്റെ കണ്ടെത്തൽ.

വ്യാജ വിലാസത്തിലാണ് ഈ കാർ രജിസ്റ്റർ ചെയ്തിരുന്നത്. രണ്ടാമത്തെ കാർ രജിസ്റ്റർ ചെയ്തിരുന്നത് ഡൽഹി ന്യൂ സീലംപൂരിലെ ഒരു വിലാസത്തിലാണ്. പോലീസ് ഇവിടെയെത്തി പരിശോധന നടത്തിയിരുന്നു.

വ്യാജ രേഖകൾ നൽകി വാഹനം രജിസ്റ്റർ ചെയ്തുവെന്നാണ് പോലീസിന്റെ നിഗമനം. രേഖകൾ പ്രകാരം ഡോക്ടർ ഉമർ നബി എന്നയാളുടെ പേരിലാണ് വാഹനം രജിസ്റ്റർ ചെയ്തിരിക്കുന്നത്.

## ഇന്നും ഇടിയോടു കൂടിയ മഴയ്ക്ക് സാധ്യത; യെല്ലോ അലർട്ട്

കൊച്ചി: സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും വെള്ളിയാഴ്ചയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത. വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

ഇന്ന് തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

ഇന്നും വെള്ളിയാഴ്ചയും തെക്കൻ ശ്രീലങ്കൻ തീരം, തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനോട് ചേർന്ന പ്രദേശങ്ങൾ, ഗൾഫ് ഓഫ് മാന്നാർ, അതിനോട് ചേർന്ന കന്യാകുമാരി പ്രദേശം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

## സിപിഎം പോളിറ്റ് ബ്യൂറോ യോഗം ഇന്ന് ഡൽഹിയിൽ ആരംഭിക്കും

ന്യൂഡൽഹി: പിഎം ശ്രീ വിവാദത്തിന് ശേഷം ആദ്യ സിപിഎം പോളിറ്റ് ബ്യൂറോ യോഗം ഇന്ന് ഡൽഹിയിൽ ആരംഭിക്കും. കേരളത്തിലെ തദ്ദേശ ഭരണ തെരഞ്ഞെടുപ്പ് പോളിറ്റ് ബ്യൂറോ യോഗത്തിൽ ചർച്ചയാകും.

പിഎം ശ്രീ വിവാദത്തിൽ സിപിഐയുമായുള്ള തർക്കം പരിഹരിക്കാൻ സിപിഎം ജനറൽ സെക്രട്ടറി എം.എ. ബേബിയും ഇടപെട്ടിരുന്നു. ഇന്ന് ചേരുന്ന പിബി യോഗത്തിൽ പിഎം ശ്രീ വിവാദവും ശബരിമല സ്വർണക്കടത്ത് കേസും ചർച്ചയായേക്കും.

# പ്രതികളുമായി ബന്ധമില്ലെന്ന് അൽ ഫലാ സർവകലാശാല

ന്യൂഡൽഹി: തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഫരീദാബാദിൽ അറസ്റ്റിലായ ഡോക്ടർമാർ തങ്ങളുടെ സർവകലാശാലയിൽ ജോലി ചെയ്യുന്നതല്ലാതെ അവരുമായി യാതൊരു ബന്ധവുമില്ലെന്ന് ഫരീദാബാദ് അൽ ഫലാ സർവകലാശാല.

ദൗർഭാഗ്യകരമായ സംഭവവികാസങ്ങളിൽ ദുഃഖിതരാണെന്നും അപലപിക്കുന്നുവെന്നും സർവകലാശാലാ വൈസ് ചാൻസലർ ഭൂപീന്ദർ കൗർ പ്രസ്താവനയിൽ അറിയിച്ചു.

സർവകലാശാലയെ അപകീർത്തിപ്പെടുത്തുന്നതിനായി ചില ഓൺലൈൻ മാധ്യമങ്ങൾ അടിസ്ഥാനരഹിതവും തെറ്റിദ്ധാരണ ജനിപ്പിക്കുന്നതുമായ വാർത്തകൾ പ്രചരിപ്പിക്കുകയാണെന്നും ഇത്തരം ആരോപണങ്ങളെ തങ്ങൾ ശക്തമായി അപലപിക്കുകയും നിഷേധിക്കുകയും ചെയ്യുന്നുവെന്നും ഭൂപീന്ദർ കൗർ അറിയിച്ചു.

ചില മാധ്യമങ്ങൾ ആരോപിക്കുന്നതുപോലെ ഒരു തരത്തിലുമുള്ള രാസവസ്തുക്കളോ സാമഗ്രികളോ സർവകലാശാലാ പരിസരങ്ങളിൽ സംഭരിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്തിട്ടില്ല. സർവകലാശാലയിലെ ലാബുകൾ എംബിബിഎസ് വിദ്യാർഥികളുടെയും മറ്റ് അംഗീകൃത കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികളുടെയും അക്കാഡമിക്, പരിശീലന ആവശ്യങ്ങൾക്കു മാത്രമാണ് ഉപയോഗിക്കുന്നതെന്നും വൈസ് ചാൻസലർ വ്യക്തമാക്കി.

എല്ലാ ലാബ് പ്രവർത്തനങ്ങളും സുരക്ഷാ പ്രോട്ടോകോളുകളും അധികാരികൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് സർവകലാശാല പ്രവർത്തിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. ഭീകരപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർവകലാശാലയിൽ ജോലി ചെയ്തിരുന്ന രണ്ട് ഡോക്ടർമാരെ അറസ്റ്റ് ചെയ്തു ദിവസങ്ങൾക്കു ശേഷമാണ് മാനേജ്മെൻറിൽനിന്ന് ഔദ്യോഗിക പ്രതികരണമുണ്ടാകുന്നത്.

## അമേരിക്കയിൽ ഷട്ട്ഡൗൺ അവസാനിച്ചു; ധനാനുമതി ബില്ലിൽ ട്രംപ് ഒപ്പുവച്ചു

വാഷിംഗ്ടൺ ഡിസി: അമേരിക്കയിലെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ സർക്കാർ ഷട്ട്ഡൗൺ അവസാനിച്ചു. ജനപ്രതിനിധി സഭ പാസാക്കിയ ധനാനുമതി ബില്ലിൽ പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഒപ്പുവച്ചു.

ആറ് ഡെമോക്രാറ്റുകളുടെ പിന്തുണയോടെ യുഎസ് ജനപ്രതിനിധിസഭ പാസാക്കിയ ധനാനുമതി ബില്ലിൽ ട്രംപ് ഒപ്പുവച്ചതോടെ 43 ദിവസം നീണ്ട അടച്ചുപൂട്ടലിനാണ് വിരാമമായത്. ബില്ലിൽ ഒപ്പുവയ്ക്കുമ്പോഴും ഡെമോക്രാറ്റുകൾക്കെതിരെ കടുത്ത വിമർശനമാണ് ട്രംപ് നടത്തിയത്. ഷട്ട്ഡൗണിലൂടെ ഡെമോക്രാറ്റുകൾ രാജ്യത്തെ കൊള്ളയടിക്കാൻ ശ്രമിച്ചെന്നാണ് ട്രംപിന്റെ ആരോപണം. രാഷ്ട്രീയ കാരണങ്ങൾ മാത്രമാണ് ഷട്ട്ഡൗണിന് പിന്നിലെന്നും ട്രംപ് പറഞ്ഞു.

# ഡൽഹി സ്ഫോടനം; വിജയ് സാഖറെയുടെ നേതൃത്വത്തിലുള്ള പത്തംഗസംഘം അന്വേഷിക്കും

ന്യൂഡൽഹി: ചെങ്കോട്ടയിലെ മെട്രോ സ്റ്റേഷനു സമീപമുണ്ടായ സ്ഫോടനത്തിൽ അന്വേഷണം നടത്തുക ദേശീയ അന്വേഷണ ഏജൻസിയുടെ (എൻഐഎ) പത്തംഗസംഘം. എൻഐഎ ഡയറക്ടർ ജനറൽ (ഡിജി) വിജയ് സാഖറെയാണ് അന്വേഷണത്തിനു നേതൃത്വം നൽകുന്നത്. ഐജി, രണ്ട് ഡിഐജിമാർ, മൂന്ന് എസ്പിമാർ എന്നിവരും ഡിഎസ്പി തലത്തിലുള്ള ഓഫീസർമാരുമാണ് സംഘത്തിലുള്ളത്.

ജയ്ഷ് ഇ മുഹമ്മദ് തീവ്രവാദ മോഡ്യൂളിനെപ്പറ്റിയുള്ള എല്ലാ കേസ് ഡയറികളും വിഷയത്തിൽ ഇതുവരെ അന്വേഷണം നടത്തിയിരുന്ന ജമ്മു കാഷ്മീർ പോലീസിൽനിന്നും ഡൽഹി പോലീസിൽനിന്നും ഹരിയാന പോലീസിൽനിന്നും എൻഐഎ ഏറ്റെടുക്കും. അമോണിയം നൈട്രേറ്റടക്കമുള്ള സ്ഫോടകവസ്തുക്കൾ കണ്ടെത്തിയ ഫരീദാബാദിലെ തീവ്രവാദകേന്ദ്രത്തിൽ എൻഐഎ അധികം വൈകാതെ അന്വേഷണം ആരംഭിക്കും.

സ്ഫോടകവസ്തുക്കൾ കണ്ടെത്തിയ ഫരീദാബാദിലെ അപാർട്ട്മെൻറ് അൽ ഫലാഹ് മെഡിക്കൽ കോളജിൽ ജോലി ചെയ്തിരുന്ന ഡോക്ടർമാരായ മുസമ്മിൽ അഹമ്മദുമായും ഉമർ ഉൻ നബിയുമായി ബന്ധപ്പെട്ടതാണ്. അമോണിയം നൈട്രേറ്റെന്നു സംശയിക്കുന്ന വസ്തുക്കളുടെ അംശം പരിസരപ്രദേശങ്ങളിൽനിന്നു കണ്ടെത്തിയതിനെത്തുടർന്ന് മെഡിക്കൽ കോളജിലെ ബയോകെമിസ്ട്രി ലബോറട്ടറിയും ടോയ്‌ലറ്റ് ബ്ലോക്കും ഫരീദാബാദ് പോലീസ് സീൽ ചെയ്തിരിക്കുകയാണ്.

കോളജിന്റെ ലാബിൽനിന്നു പിടിയിലായ പ്രതികൾ അമോണിയം കോംപൗണ്ടുകളും ഓക്സിഡൈസറുകളും ആഴ്ചകളെടുത്ത് ചെറിയ അളവിൽ കടത്തിക്കൊണ്ടുപോയി ഫരീദാബാദിലും ഫത്തേപുരിലും സംഭരിച്ചതായാണു സംശയിക്കുന്നത്. ലാബിൽനിന്നു അമോണിയം നൈട്രേറ്റെന്ന് സംശയിക്കപ്പെടുന്ന വസ്തുക്കളുടെ അംശം കണ്ടെത്തിയിട്ടുണ്ടെന്നും മെഡിക്കൽ കോളജ് കാന്പസിനുള്ളിൽ ഭീകരർ നിയന്ത്രിത അളവിൽ രാസപ്രവർത്തനങ്ങൾ പരീക്ഷിച്ചതായി സംശയിക്കുന്നുവെന്നും പോലീസ് വൃത്തങ്ങൾ സൂചിപ്പിച്ചു.

മെഡിക്കൽ കോളജിൽനിന്നു കണ്ടെത്തിയ സാന്പിളുകൾ ഫോറൻസിക് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഈ പരിശോധനയുടെ ഫലം വന്നാൽ മാത്രമേ കോളജ് ലാബിൽനിന്നു ഭീകരർ എന്തെങ്കിലും വസ്തുക്കൾ കടത്തിക്കൊണ്ടു പോയിട്ടുണ്ടോയെന്നതിൽ വ്യക്തത വരൂ. കോളജ് ലാബിൽനിന്ന് ഒരു ഡസനിലധികം കുപ്പികൾ, ഗ്ലാസ് ഫ്ലാസ്കുകൾ, സീൽ ചെയ്ത പാത്രങ്ങൾ എന്നിവ പോലീസ് പിടിച്ചെടുത്തിട്ടുണ്ട്.

വിജയ് സാഖറെ 1996 ബാച്ച് കേരള കേഡർ ഓഫീസറായിരുന്നു. എൻഐഎയിൽ മുന്പ് ഐജിയായിരുന്ന വിജയിയെ ഈ വർഷം സെപ്റ്റംബറിലാണ് എൻഐഎ ഡിജിയായി നിയമിച്ചത്. വിജയ് ഇന്നലെ ഇൻറലിജൻസ് ബ്യൂറോ തലവനുമായി കൂടിക്കാഴ്ച നടത്തി.

## പശുക്കളെ കശാപ്പ് ചെയ്ത മൂന്നു പേർക്കു ജീവപര്യന്തം!

അമ്രേലി: ഗുജറാത്തിൽ ഗോഹത്യ കേസിൽ മൂന്നു പേരെ ജീവപര്യന്തം തടവിനു ശിക്ഷിച്ചു. കാസിം ഹാജി സോളങ്കി, സത്താർ ഇസ്മയിൽ സോളങ്കി, അക്രം ഹാജി സോളങ്കി എന്നിവരെയാണ് സെഷൻസ് കോടതി ജഡ്ജി റിസ്വാന ബുഖാരി ശിക്ഷിച്ചത്. പ്രതികൾ 18 ലക്ഷം രൂപ പിഴയും അടയ്ക്കണം. 2023ൽ അമ്രേലി ജില്ലയിലാണു കേസിനാസ്പദമായ സംഭവം. പശുക്കളെ കശാപ്പ് ചെയ്ത വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് നടത്തിയ റെയ്ഡിൽ 40 കിലോ ബീഫ് പിടികൂടിയിരുന്നു. പശുക്കളുടെ ശരീരഭാഗങ്ങളും കണ്ടെത്തി. കാസിം സോളങ്കിയെ ഉടൻ പോലീസ് പിടികൂടി. മറ്റു രണ്ടു പേരെ പിന്നീടാണ് അറസ്റ്റ് ചെയ്തത്. പശുവിനെ കശാപ്പ് ചെയ്ത കേസിൽ ഗുജറാത്തിൽ ആദ്യമായാണു പ്രതികളെ ജീവപര്യന്തം തടവിനു ശിക്ഷിക്കുന്നത്. കോടതിവിധിയെ 'ചരിത്രപരം' എന്നാണ് ഗുജറാത്ത് സർക്കാർ വക്താവ് ജിത്തു വഘാനി വിശേഷിപ്പിച്ചത്. 2011ൽ നരേന്ദ്ര മോദി മുഖ്യമന്ത്രിയായിരിക്കേയാണ് ഗുജറാത്തിൽ ഗോഹത്യക്കെതിരേ കർശന നിയമംപാസാക്കിയത്. 2017ൽ നിയമത്തിൽ ഭേദഗതി വരുത്തി ജീവപര്യന്തം തടവുകൂടി ചേർത്തു.

# ജമ്മു കാഷ്മീരിൽ വ്യാപക റെയ്ഡ്

ശ്രീനഗർ: ജമ്മു കാഷ്മീരിൽ ഭീകരരെ അടിച്ചമർത്തുന്നതിന്റെ ഭാഗമായി പോലീസിന്റെ വ്യാപക റെയ്ഡ്.

നിരോധിത സംഘടനയായ ജമാഅത്തെ ഇസ്‌ലാമിയുടേതുൾപ്പെടെ അഞ്ഞൂറിലേറെ കേന്ദ്രങ്ങളിൽ പോലീസ് റെയ്ഡ് നടത്തി. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ ശ്രമം നടക്കുന്നുവെന്ന ഇൻറലിജൻസ് വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പോലീസ് നടപടി. കുൽഗാം, പുൽവാമ, ഷോപ്പിയാൻ, ബാരാമുള്ള, ഗന്ദർബാൽ, ശ്രീനഗർ, ബന്ദിപോറ, കുപ്‌വാര, അനന്ത്നാഗ്, ബഡ്ഗാം ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ ജമാഅത്തെ ഇസ്‌ലാമി അംഗങ്ങളുടെയും കൂട്ടാളികളുടെയും വീടുകളിലും സ്ഥാപനങ്ങളിലുമായിരുന്നു റെയ്ഡ്.

കുൽഗാമിൽ ഇരുനൂറിലേറെയും ശ്രീനഗറിൽ നൂറ്റന്പതിലേറെയും കേന്ദ്രങ്ങളിലാണു റെയ്ഡ് നടന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സ്ഥാനാർത്ഥിയുടെ യോഗ്യതകളും അയോഗ്യതകളും : മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

തദ്ദേശതിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള സ്ഥാനാർത്ഥികളുടെ യോഗ്യതകളും അയോഗ്യതകളും സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി. യോഗ്യതകളും അയോഗ്യതകളും സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് വേണം വരണാധികാരികൾ തീരുമാനമെടുക്കേണ്ടതെന്ന് കമ്മീഷൻ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയിലെയും അവ നിയന്ത്രിക്കുന്ന കോർപ്പറേഷനുകളിലെയും ജീവനക്കാർക്ക് മത്സരിക്കാൻ യോഗ്യതയില്ല. സർക്കാരിന് 51 ശതമാനത്തിൽ കുറയാതെ ഓഹരിയുള്ള കമ്പനികളിലെയും സഹകരണ സംഘങ്ങളിലെയും ജീവനക്കാർക്കും മത്സരിക്കാൻ യോഗ്യതയില്ല. ബോർഡുകളിലോ സർവ്വകലാശാലകളിലോ ജോലി ചെയ്യുന്നവർക്കും ഇതേ നിയന്ത്രണം ബാധകം. പാർട്ട്ടൈം ജീവനക്കാരും ഓണറേറിയം വാങ്ങി ജോലി ചെയ്യുന്നവരും ഇതിൽ ഉൾപ്പെടും. അങ്കണവാടി ജീവനക്കാർക്കും ബാലവാടി ജീവനക്കാർക്കും ആശാവർക്കർക്കും മത്സരിക്കാം. സാക്ഷരതാ പ്രേരക്മാർക്ക് പഞ്ചായത്തുകളിൽ മാത്രമേ മത്സരിക്കാനാകൂ. സർക്കാരിന് 51 ശതമാനം ഓഹരിയില്ലാത്ത പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മത്സരിക്കാം . എന്നാൽ കെ.എസ്.ആർ.ടി.സി., വൈദ്യുതി ബോർഡ്, എംപാനൽ കണ്ടക്ടർമാർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ താത്കാലികമായി നിയമിതരായവർ എന്നിവർക്കു മത്സരിക്കാൻ അയോഗ്യതയുണ്ട്.

കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്ക് മത്സരിക്കാം. എന്നാൽ സി.ഡി.എസ് അക്കൗണ്ടന്റുമാർക്ക് മത്സരിക്കാൻ കഴിയില്ല. സർക്കാരുമായോ തദ്ദേശ സ്ഥാപനങ്ങളുമായോ നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളവർക്കും, കരാർ കാലാവധി അവസാനിക്കാത്തവർക്കും മത്സരിക്കാൻ കഴിയില്ല. തദ്ദേശ സ്ഥാപനത്തിന്റെ കെട്ടിടമോ കടമുറിയോ വാടകയ്ക്കെടുത്തിട്ടുള്ളവർക്ക് മത്സരിക്കാം.സർക്കാരിനോ തദ്ദേശ സ്ഥാപനത്തിനോ കുടിശ്ശികയുള്ളവർ അയോഗ്യരാണ്. ബാങ്കുകൾ, സർവ്വീസ് സഹകരണസംഘങ്ങൾ, കെ.എഫ്.സി, കെ.എസ്.എഫ്.ഇ പോലുള്ള സ്ഥാപനങ്ങളിലേക്കോ അടയ്ക്കാനുള്ള കുടിശ്ശിക ഇതിൽ ഉൾപ്പെടില്ല. ഗഡുക്കളാക്കി അടയ്ക്കുന്ന കുടിശ്ശികയിൽ ഗഡു മുടങ്ങിയാൽ മാത്രമേ അയോഗ്യതയുണ്ടാകൂ.

1951–ലെ ജനപ്രാതിനിധ്യ നിയമത്തിലെ എട്ടാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവർ, സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെട്ട കുറ്റങ്ങൾക്ക് മൂന്നു മാസത്തിൽ കൂടുതൽ തടവുശിക്ഷ ലഭിച്ചവർ എന്നിവർക്ക് അയോഗ്യതയുണ്ടാകും. ശിക്ഷിക്കപ്പെട്ടാൽ ശിക്ഷ കഴിഞ്ഞതിനു ശേഷം ആറ് വർഷത്തേക്ക് അയോഗ്യതയുണ്ടാകും. ശിക്ഷയ്ക്ക് അപ്പീലിൽ സ്റ്റേ ലഭിച്ചാലും കുറ്റസ്ഥാപനം സ്റ്റേ ചെയ്യാത്ത കാലത്തോളം അയോഗ്യത ബാധകമായിരിക്കും.അഴിമതിയ്ക്കോ കൂറില്ലായ്മയ്ക്കോ പിരിച്ചുവിട്ട ഉദ്യോഗസ്ഥർക്ക് പിരിച്ചുവിട്ടതു മുതൽ അഞ്ച് വർഷത്തേക്ക് അയോഗ്യത ഉണ്ടാകും. കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യരാക്കപ്പെട്ടവർക്ക് അയോഗ്യനാക്കപ്പെട്ടതു മുതൽ ആറു വർഷം അയോഗ്യതയുണ്ട്. തദ്ദേശതിരഞ്ഞെടുപ്പിൽ മത്സരിച്ചതിനു ശേഷം ചെലവുകണക്ക് സമർപ്പിക്കാത്തവർക്ക് ഉത്തരവ് തീയതി മുതൽ അഞ്ചു വർഷത്തേക്ക് അയോഗ്യതയുണ്ടാകും.

സർക്കാരുമായോ തദ്ദേശ സ്ഥാപനങ്ങളുമായോ കരാറിൽ വീഴ്ച വരുത്തിയതിനാൽ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ, തദ്ദേശ സ്ഥാപനത്തിന്റെ ധനനഷ്ടത്തിന് ഉത്തരവാദികളായി ഓംബുഡ്സ്മാൻ കണ്ടെത്തിയവർ എന്നിവരും അയോഗ്യരാണ്. അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നതിൽ നിന്ന് വിലക്കപ്പെട്ടവരും, ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിനുവേണ്ടി പ്രതിഫലം പറ്റി ജോലി ചെയ്യുന്ന അഭിഭാഷകരായുള്ളവരും മത്സരിക്കാൻ പാടില്ല.

# തദ്ദേശ തിരഞ്ഞെടുപ്പ് വിജ്ഞാപനം നവംബർ 14ന്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നവംബർ 14ന് പുറപ്പെടുവിക്കും. അതോടൊപ്പം തന്നെ അതത് വരണാധികാരികൾ തിരഞ്ഞെടുപ്പ് പൊതുനോട്ടീസ് പരസ്യപ്പെടുത്തും. രാവിലെ 11 മുതൽ നാമനിർദേശ പത്രികകൾ സമർപ്പിക്കാം. നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 21 ഉച്ചകഴിഞ്ഞ് 3 വരെയാണ്.

സ്ഥാനാർത്ഥിക്ക് നേരിട്ടോ തന്റെ നിർദ്ദേശകൻ വഴിയോ പൊതുനോട്ടീസിൽ നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് നാമനിർദ്ദേശപത്രിക (ഫോറം 2) സമർപ്പിക്കാം.

സ്ഥാനാർത്ഥി ആ തദ്ദേശ സ്ഥാപനത്തിലെ ഏതെങ്കിലും വാർഡിലെ വോട്ടറായിരിക്കണം. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന തീയതിയിൽ 21 വയസ്സ് പൂർത്തിയായിരിക്കുകയും വേണം. സ്ഥാനാർത്ഥി ബധിര/മൂകനായിരിക്കരുത്.

സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യുന്ന വ്യക്തി അതേ വാർഡിലെ തന്നെ വോട്ടറായിരിക്കണം. ഒരു സ്ഥാനാർത്ഥിക്ക് 3 സെറ്റ് പത്രിക സമർപ്പിക്കാം.

സംവരണ സീറ്റുകളിൽ മത്സരിക്കുന്നവർ ആ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. പട്ടികജാതി, പട്ടികവർഗ്ഗ സംവരണവാർഡുകളിൽ മത്സരിക്കുന്നവർ അധികാരപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

ഗ്രാമപഞ്ചായത്തിലേയ്ക്ക് മത്സരിക്കുന്നവർ 2,000 രൂപയും, ബ്ളോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ സ്ഥാനാർത്ഥികൾ 4,000 രൂപയും, ജില്ലാപഞ്ചായത്ത്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ 5,000 രൂപയുമാണ് നാമനിർദ്ദേശപത്രികയോടൊപ്പം കെട്ടിവയ്ക്കേണ്ടത്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തുകയുടെ പകുതി മതിയാകും.

സ്ഥാനാർത്ഥിയുടെ വിദ്യാഭ്യാസ യോഗ്യത, പത്രിക സമർപ്പിക്കുന്ന സമയത്ത് സ്ഥാനാർത്ഥി ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകൾ, സ്ഥാനാർത്ഥിയുടെയും കുടുംബാംഗങ്ങളുടെയും ആസ്തിയും ബാധ്യതയും, സർക്കാരിനോ ഏതെങ്കിലും തദ്ദേശസ്ഥാപനത്തിനോ നൽകാനുള്ള കുടിശ്ശിക, അയോഗ്യതയുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം തുടങ്ങിയ വിവരങ്ങൾ പത്രികയോടൊപ്പം ഫോറം 2എയിൽ സമർപ്പിക്കണം.

ഒരാൾ ഒരു തദ്ദേശസ്ഥാപനത്തിലെ ഒരു വാർഡിൽ മാത്രമേ മത്സരിക്കാൻ പാടുള്ളൂ. ഒന്നിൽ കൂടുതൽ വാർഡുകളിൽ നാമനിർദ്ദേശപത്രിക നൽകിയാൽ എല്ലാം നിരസിക്കും. എന്നാൽ ത്രിതല പഞ്ചായത്തുകളിൽ വ്യത്യസ്ത തലങ്ങളിൽ മത്സരിക്കാം.

നാമനിർദ്ദേശ പത്രികയും 2എ ഫാറവും പൂർണ്ണമായി പൂരിപ്പിച്ചിട്ടുണ്ടെന്ന് സ്ഥാനാർത്ഥികൾ ഉറപ്പാക്കണം. ഭേദഗതി ചെയ്ത ഫാറങ്ങൾ കമ്മീഷന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. സ്ഥാനാർത്ഥികൾ വരണാധികാരി മുമ്പാകെയോ അധികാരപ്പെട്ട ഉദ്യോഗസ്ഥർ മുമ്പാകെയോ നിയമപ്രകാരം സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് നിശ്ചിത ഫാറത്തിൽ ഒപ്പുവച്ച് പത്രികയോടൊപ്പം സമർപ്പിക്കണം.

സ്ഥാനാർത്ഥിയുടെ യോഗ്യതയും അയോഗ്യതയും സംബന്ധിച്ച് വരണാധികാരിയുടെ തീരുമാനം അന്തിമമായിരിക്കും.

# പ്രധാനമന്ത്രിയുടെ ബിരുദം; ഡൽഹി സർവകലാശാലയ്ക്ക് മൂന്നാഴ്ച സമയം അനുവദിച്ച് ഹൈക്കോടതി

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഡിഗ്രി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട സിംഗിൾ ബെഞ്ച് ഉത്തരവിനെതിരേ സമർപ്പിച്ച ഹർജികളിലെ കാലതാമസം ചൂണ്ടിക്കാട്ടി ഡൽഹി ഹൈക്കോടതി.

ഹർജികൾക്കു മറുപടി സമർപ്പിക്കാൻ ഹൈക്കോടതി ചീഫ് ജസ്റ്റീസ് ദേവേന്ദ്ര കുമാർ ഉപാധ്യായ, ജസ്റ്റീസ് തുഷാർ റാവു ഗെഡേല എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് ഡൽഹി സർവകലാശാലയ്ക്ക് മൂന്നാഴ്ചത്തെ സമയം അനുവദിച്ചു.

സിംഗിൾ ബെഞ്ചിന്റെ ഉത്തരവിനെതിരേ അപ്പീലുകൾ സമർപ്പിക്കാൻ കാലതാമസം നേരിട്ടതായി സർവകലാശാലയ്ക്കുവേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത അറിയിച്ചു. നരേന്ദ്ര മോദിയുടെ ബിരുദവിവരങ്ങൾ വെളിപ്പെടുത്തണമെന്ന് 2016ലെ കേന്ദ്ര വിവരാവകാശ കമ്മീഷന്റെ നിർദേശം റദ്ദാക്കിയ സിംഗിൾ ബെഞ്ച് ഉത്തരവിനെതിരേ വിവരാവകാശ പ്രവർത്തകൻ നീരജ് ശർമ, ആംആദ്മി നേതാവ് സഞ്ജയ് സിംഗ് എന്നിവരാണു ഡിവിഷൻ ബെഞ്ചിനെ സമീപിച്ചത്.

പ്രധാനമന്ത്രി പൊതുപദവി വഹിക്കുന്നു എന്നതുകൊണ്ട് അദ്ദേഹത്തിന്റെ എല്ലാ വിവരങ്ങളും വെളിപ്പെടുത്തണമെന്ന് അർഥമാക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു സിംഗിൾ ബെഞ്ചിന്റെ ഉത്തരവ്. മോദി ബിരുദം നേടി എന്നു പറയപ്പെടുന്ന വർഷത്തിൽ ബിഎ പാസായ വിദ്യാർഥികളുടെ വിവരങ്ങൾ പുറത്തുവിടാനായിരുന്നു കേന്ദ്ര വിവരാവകാശ കമ്മീഷൻ ഡൽഹി സർവകലാശാലയ്ക്കു നൽകിയ നിർദേശം,

# ശിവൻകുട്ടി പ്രകോപിതനാകാൻ കാരണം അറിയില്ല; പ്രകോപനം ഉണ്ടാക്കാൻ താനില്ലെന്ന് ബിനോയ് വിശ്വം

തിരുവനന്തപുരം: വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി പ്രകോപിതനാകാൻ എന്താണ് കാരണമെന്ന് തനിക്കറിയില്ലെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. പ്രകോപനം ഉണ്ടാക്കാനോ പ്രകോപിതനാക്കാനോ താനില്ലെന്നും അദ്ദേഹം പറഞ്ഞു.

എസ്എസ്കെ ഫണ്ട് കിട്ടാതിരുന്നാൽ അതിന്റെ ഉത്തരവാദിത്വം തനിക്കില്ലെന്ന് ശിവൻകുട്ടി നേരത്തെ പറഞ്ഞിരുന്നു. ഇതുസംബന്ധിച്ച മാധ്യമങ്ങളുടെ ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു ബിനോയ് വിശ്വം. പിഎം ശ്രീയെ പറ്റി ശിവൻകുട്ടിയെ പഠിപ്പിക്കാൻ താൻ ആളല്ല. പിഎം ശ്രീയെ സംബന്ധിച്ചുള്ള ഇടതുപക്ഷ രാഷ്ട്രീയം ശിവൻകുട്ടിയെ പഠിപ്പിക്കാൻ തന്നെക്കാളും അവകാശമുള്ളത് എം. എ. ബേബിക്കും എം. വി. ഗോവിന്ദനുമാണ്. അവർ പഠിപ്പിക്കട്ടെയെന്നും അദ്ദേഹം പറഞ്ഞു.

പിഎം ശ്രീയിലൂടെ ആർഎസ്എസിന്റെ വിദ്യാഭ്യാസ അജണ്ട നടപ്പിലാക്കാനുള്ള നീക്കം, അതിനെപ്പറ്റിയുള്ള ഇടതുപക്ഷത്തിന്റെ ശരിയെന്താണെന്ന് താൻ പഠിപ്പിക്കുന്നില്ല. അത് പഠിപ്പിക്കാൻ സിപിഎമ്മിന്റെ നേതാക്കന്മാരുണ്ട്.

പിഎം ശ്രീയും എസ്എസ്കെയും രണ്ടും ഒന്നല്ല. രണ്ടും കൂട്ടിക്കലർത്തുന്നത് ബിജെപിയുടെ രാഷ്ട്രീയമാണ്. അതല്ല എൽഡിഎഫ് രാഷ്ട്രീയം. എസ്എസ്കെ ഫണ്ട് ലഭിക്കാൻ നമുക്ക് അവകാശമുണ്ട്. എസ്എസ്കെ ഫണ്ട് തട്ടിപറിക്കാൻ കേന്ദ്രം ശ്രമിച്ചാൽ അതിനെ ഇടതുപക്ഷം നിയമപരമായും രാഷ്ട്രീയപരമായും എതിർക്കുമെന്നും ബിനോയ് വിശ്വം പറഞ്ഞു.

പിഎം ശ്രീയെ സംബന്ധിച്ച ജയപരാജയം അളക്കാൻ സിപിഐ ഇല്ല. ഇത് ഇടതുപക്ഷത്തിന്റെ വിജയമാണെന്നാണ് താൻ നേരത്തെ തന്നെ പറഞ്ഞിരുന്നത്. ഈ കത്ത് ഉൾപ്പെടെയുള്ള എല്ലാ കാര്യവും ഇടതുപക്ഷത്തിന്റെ വിജയമാണ്.

എൽഡിഎഫ് രാഷ്ട്രീയത്തിന്റെ ഐക്യത്തിനോ അടിത്തറയ്ക്കോ ഭംഗം വരുന്നത് ഒന്നും ചെയ്യില്ലെന്നും ബിനോയ് വിശ്വം കൂട്ടിച്ചേർത്തു.

# തിരികെ വരണമെങ്കിൽ അവാമി ലീഗിന്റെ നിരോധനം പിൻവലിക്കണം: ഹസീന

ന്യൂഡൽഹി: മാതൃരാജ്യത്തേക്കു തിരികെമടങ്ങാൻ ചില വ്യവസ്ഥകളുണ്ടെന്ന് ആഭ്യന്തരകലാപം മൂലം ഇന്ത്യയിലേക്കു പലായനം ചെയ്ത ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന.

രാജ്യത്തു പങ്കാളിത്തജനാധിപത്യം വീണ്ടെടുക്കണമെന്നതും തന്റെ പാർട്ടിയായ അവാമി ലീഗിന്റെ നിരോധനം നീക്കണമെന്നതും സ്വതന്ത്രവും നീതിയുക്തവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ തെരഞ്ഞെടുപ്പുമാണ് രാജ്യത്തേക്ക് തിരികെ മടങ്ങുന്നതിനായി താൻ മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥകളെന്നും ഹസീന അറിയിച്ചു.

കലാപത്തെത്തുടർന്ന് കഴിഞ്ഞവർഷം ബംഗ്ലാദേശിൽനിന്നു പലായനം ചെയ്ത് ഇന്ത്യയിൽ അഭയം തേടിയ ഹസീന അജ്ഞാത സ്ഥലത്തുനിന്ന് വാർത്താ ഏജൻസിയായ പിടിഐക്ക് ഇ-മെയിൽ മുഖേന നൽകിയ അഭിമുഖത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. കഴിഞ്ഞ വർഷം ജൂലൈയിൽ ബംഗ്ലാദേശിലുണ്ടായ കലാപം അടിച്ചമർത്തുന്നതിനായി ഹസീന കൈക്കൊണ്ട നടപടികളിൽ ബംഗ്ലാദേശിലെ അന്താരാഷ്ട്ര ക്രൈംസ് ട്രൈബ്യൂണൽ (ഐസിടി) ഇന്നു വിധി പറയാനിരിക്കെയാണ് ഹസീനയുടെ പ്രതികരണം. അവാമി ലീഗ് ഇന്ന് ബംഗ്ലാദേശിൽ ബന്ദിന് ആഹ്വാനം ചെയ്തിട്ടുണ്ട്.

### അപരാജിത സാരംഗി ജെപിസി അധ്യക്ഷ

ന്യൂഡൽഹി: പ്രധാനമന്ത്രി, മുഖ്യമന്ത്രിമാർ, കേന്ദ്ര-സംസ്ഥാന മന്ത്രിമാർ എന്നിവരെ നീക്കം ചെയ്യുന്നതിനുള്ള ബില്ലുകൾ പരിശോധിക്കുന്ന പാർലമെൻറിന്റെ സംയുക്ത സമിതിയുടെ (ജെപിസി) ചെയർപേഴ്സണായി ബിജെപി എംപി അപരാജിത സാരംഗിയെ നിയമിച്ചു.

## ഡോക്ടർമാർ ഇന്ന് ഒപി ബഹിഷ്കരിച്ചു പണിമുടക്കും

തിരുവനന്തപുരം: ഗവ. മെഡിക്കൽ കോളജുകളിലെ ഡോക്ടർമാർ ഇന്ന് പൂർണമായി ഒപി ബഹിഷ്കരിച്ച് പണിമുടക്കും. അത്യാവശ്യ സേവനങ്ങൾ ഒഴികെ എല്ലാ പ്രവർത്തനങ്ങളിൽ നിന്നു ഡോക്ടർമാർ വിട്ടുനിൽക്കുമെന്നും കേരള ഗവൺമെൻറ് മെഡിക്കൽ കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെജിഎംസിടിഎ) അറിയിച്ചു.

ഒപി സേവനങ്ങൾ, അടിയന്തരമല്ലാത്ത ശസ്ത്രക്രിയകൾ, വിദ്യാർഥികൾക്കുള്ള ക്ലാസുകൾ എന്നിവ ബഹിഷ്കരിക്കുമെന്നും സംഘടന വ്യക്തമാക്കി.

# തെരുവുനായ്ക്കൾ കാരണം വിവാഹമോചനം ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി

അഹമ്മദാബാദ്: വിവാഹ ബന്ധത്തിന് വിലങ്ങുതടിയായി തെരുവുനായ്ക്കൾ. വിവാഹമോചനം ആവശ്യപ്പെട്ട് ഭർത്താവ് ഗുജറാത്ത് ഹൈക്കോടതിയെ സമീപിച്ചു. അഹമ്മദാബാദ് സ്വദേശിയായ 41കാരനാണ് വിവാഹമോചനം ആവശ്യപ്പെട്ടത്. തെരുവ് നായ്ക്കളോടുള്ള ഭാര്യയുടെ സ്നേഹം കാരണം തനിക്ക് അവഹേളനമുണ്ടായെന്നും ഇത് സമ്മർദത്തിലേക്കും പിന്നീട് ഉദ്ധാരണക്കുറവിലേക്കും വഴിതെളിച്ചെന്നും വിവാഹമോചന ഹർജിയിൽ ഭർത്താവ് ചൂണ്ടിക്കാട്ടി.

2006ലാണ് ദമ്പതികൾ വിവാഹിതരായത്. ഭാര്യ ഒരു തെരുവു നായയെ അവരുടെ ഫ്ലാറ്റിലേക്ക് കൊണ്ടുവന്നതോടെയാണ് പ്രശ്നങ്ങൾ ആരംഭിച്ചതെന്നും ഹർജിയിൽ പറയുന്നു. പിന്നീട് കൂടുതൽ തെരുവു നായകളെ ഭാര്യ ഫ്ലാറ്റിലേക്ക് കൊണ്ടുവന്നു. പിന്നാലെ പാചകം ചെയ്യാനും നായ്ക്കളെ വൃത്തിയാക്കാനും അവയെ പരിപാലിക്കാനും ഭാര്യ ഭർത്താവിനെ നിർബന്ധിച്ചു. കിടക്കയിൽ ഉറങ്ങുന്നതിനിടെ ഒരു നായ തന്നെ കടിച്ചുവെന്നും നായ്ക്കൾ കാരണം അയൽക്കാർ തങ്ങൾക്കെതിരെ തിരിഞ്ഞുവെന്നും ഭർത്താവ് പറയുന്നു.

ഭാര്യ തന്നെ ഉപദ്രവിക്കുന്നത് തുടർന്നതോടെ 2017ൽ അഹമ്മദാബാദ് കുടുംബ കോടതിയിൽ വിവാഹമോചന കേസ് ഫയൽ ചെയ്തു. 2024 ഫെബ്രുവരിയിൽ കുടുംബ കോടതി ഹർജി തള്ളിക്കളഞ്ഞു, എന്നാൽ വിവാഹബന്ധം വീണ്ടെടുക്കാനാകാത്തവിധം തകർന്നുവെന്നും 15 ലക്ഷം രൂപ ജീവനാംശം നൽകണമെന്നും കാണിച്ച് ഭർത്താവ് അപ്പീൽ നൽകുകയായിരുന്നു.

# തിരുവനന്തപുരത്ത് സർപ്രൈസ് മേയറെ പ്രഖ്യാപിക്കുമെന്ന് കെ. സുരേന്ദ്രൻ

തിരുവനന്തപുരം: തിരുവനന്തപുരം നഗരസഭയിൽ സർപ്രൈസ് സ്ഥാനാർഥിമാരെ പ്രഖ്യാപിച്ചത് പോലെ സർപ്രൈസ് മേയറെയും പ്രഖ്യാപിക്കുമെന്ന് ബിജെപി നേതാവ് കെ. സുരേന്ദ്രൻ. തെരഞ്ഞെടുപ്പിനു ശേഷമായിരിക്കും മേയറെ തീരുമാനിക്കുകയെന്നും അദ്ദേഹം പറഞ്ഞു..

തെരഞ്ഞെടുപ്പിൽ ശബരിമലയും സ്വർണക്കൊള്ളയും പ്രചരണ വിഷയമാക്കും. ബാക്കി സ്ഥാനാർഥികളെ ഉടൻ പ്രഖ്യാപിക്കും. നാമനിർദേശ പത്രിക സമർപ്പിക്കുന്നതിന് മുന്നോടിയായിട്ട് തന്നെ മുഴുവൻ സമയ പ്രചാരണങ്ങളിലേക്ക് കടക്കും. അടിസ്ഥാന പ്രശ്നങ്ങൾക്കുള്ള പരിഹാരം എന്താണെന്ന് പറഞ്ഞുകൊണ്ടായിരിക്കും വോട്ട് തേടുകയെന്ന് സുരേന്ദ്രൻ പറഞ്ഞു.

# ഇൻസ്റ്റഗ്രാം ഇൻഫ്ളുവൻസറുടെ മരണം; കാമുകൻ അറസ്റ്റിൽ

ഭോപ്പാൽ: ഇൻസ്റ്റഗ്രാം ഇൻഫ്ളുവൻസറായ യുവതിയുടെ മരണത്തിൽ കാമുകനെതിരെ കേസെടുത്ത് മധ്യപ്രദേശ് പോലീസ്. 'ഡയമണ്ട് ഗേൾ' എന്ന പേരിലറിയപ്പെടുന്ന ഖുഷ്ബു അഹിർവാറിന്റെ (27) മരണത്തിലാണ് കാമുകനായ ഉജ്ജെയിൻ സ്വദേശി കാസിം ഹുസൈനെതിരെ പോലീസ് കേസെടുത്തത്. ഖുഷ്ബുവിന്റെ മരണത്തിൽ പോലീസ് കുടുംബാംഗങ്ങളുടെ മൊഴി രേഖപ്പെടുത്തി. തുടർന്ന് കാമുകനെതിരെ മധ്യപ്രദേശ് മതസ്വാതന്ത്ര്യ നിയമപ്രകാരം കേസെടുക്കുകയായിരുന്നു. ചൊവാഴ്ച രാത്രിയാണ് ഖുശ്ബു മരിച്ചത്. ഇതോടെ ഓടി രക്ഷപ്പെടാൻ ശ്രമിച്ച കാസിം അറസ്റ്റിലാവുകയായിരുന്നു. ഖുഷ്ബു മരിക്കുമ്പോൾ ഗർഭിണിയായിരുന്നുവെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നു. ഗർഭധാരണവുമായി ബന്ധപ്പെട്ട് സംഭവിച്ച ആന്തരിക രക്തസ്രാവമാണ് മരണകാരണമായത്. ഒന്നര വർഷം മുമ്പ് ഖുശ്ബു ആത്മഹത്യയ്ക്ക് ശ്രമിച്ചിരുന്നു. ഖുഷ്ബുവിന്റെ ശരീരത്തിൽ ചതവുകൾ കണ്ടെത്തിയതായും മരണത്തിന് മുമ്പ് അവർക്ക് മർദനമേറ്റിട്ടുണ്ടെന്നും കുടുംബാംഗങ്ങൾ ആരോപിച്ചിരുന്നു. കാസിം മകളെ വഞ്ചിച്ചുവെന്നാണ് രക്ഷിതാക്കളുടെ മൊഴി. ഖുഷ്ബുവും കാസിമും ഒന്നര വർഷത്തിലേറെയായി ഭോപ്പാലിൽ ഒരുമിച്ച് താമസിക്കുകയായിരുന്നു. നഗരത്തിൽ ഒരു കഫേ നടത്തുകയാണ് കാസിം.

## സർക്കാരിന്റെ ലക്ഷ്യം മേൽപ്പാത പൂർത്തീകരിക്കുക മാത്രം; ഗർഡർ അപകടത്തിൽ പ്രതികരണവുമായി കെ. സി. വേണുഗോപാൽ

ആലപ്പുഴ: അരൂർ- തുറവൂർ മേൽപ്പാത നിർമാണത്തിനിടെ ഗർഡർ വീണുണ്ടായ അപകടം അങ്ങേയറ്റം വേദനയുണ്ടാക്കുന്നതെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ. ഏത് സമയത്തും അപകടം എന്ന പേടിയിലായിരുന്നു. കേന്ദ്രത്തിനു പല തവണ കത്തെഴുതിയെന്നും പല പ്രാവശ്യം മുന്നറിയിപ്പ് കൊടുത്തിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. മനുഷ്യ ജീവന് ഒരു വിലയും കൊടുക്കാത്ത സമീപനമാണ് ഉണ്ടായത്. അപകടം നടന്ന സ്ഥലത്ത് സൈൻ ബോർഡുകൾ പോലുമില്ല. പിഎസി യോഗം കൂടിയപ്പോഴും പറഞ്ഞിരുന്നു. സർവീസ് റോഡുകൾ മെച്ചപ്പെടുത്തി എടുക്കേണ്ടതാണെന്നും അതും അവിടെ ചെയ്തില്ലെന്നും വേണുഗോപാൽ പറഞ്ഞു. ഇനിയും അപകടം ഉണ്ടാവാൻ പാടില്ല. സർക്കാരിന്റെ ആകെയുള്ള ലക്ഷ്യം മേൽപ്പാത പൂർത്തീകരിക്കുക മാത്രമാണ്. സുരക്ഷ ഉറപ്പാക്കാതെയാണ് നിർമാണം. കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ഇടപെടലുകൾ നടത്തണമെന്നും കെ. സി കൂട്ടിച്ചേർത്തു.

# ശബരിമല സ്വർണക്കൊള്ളക്കേസ്: എ. പത്മകുമാറിനെ അന്വേഷണസംഘം ഉടൻ ചോദ്യംചെയ്യും

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് എ. പത്മകുമാറിനെ പ്രത്യേക അന്വേഷണസംഘം ഉടൻ ചോദ്യം ചെയ്യും. പത്മകുമാറിന്റെ സെക്രട്ടറി അടക്കമുള്ളവരെ വിളിച്ചുവരുത്തി വിവരങ്ങൾ തേടി.മുൻ ദേവസ്വം കമ്മീഷണറും ദേവസ്വം ബോർഡ് പ്രസിഡൻറുമായിരുന്ന എൻ. വാസുവിനെ ചൊവ്വാഴ്ച അന്വേഷണ സംഘം അറസ്റ്റ് ചെയ്തിരുന്നു. വാസു ഇപ്പോൾ റിമാൻഡിലാണ്. പത്മകുമാർ പ്രസിഡൻറായിരുന്ന കാലത്ത് വാസു ദേവസ്വം ബോർഡിൽ പ്രധാന പദവി വഹിച്ചിരുന്നു. സ്വർണക്കൊള്ളയിൽ വാസുവിന് പങ്കുണ്ടെന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരു കേസിൽ വാസുവിനെ അറസ്റ്റ് ചെയ്തത്. ദേവസ്വം ബോർഡ് ജീവനക്കാരായിരുന്ന മുരാരി ബാബു, സുധീഷ്കുമാർ എന്നിവരെ അറസ്റ്റ് ചെയ്തതിൽ നിന്നു ലഭിച്ച മൊഴികളുടെ അടിസ്ഥാനത്തിലാണ് വാസുവിനെ അറസ്റ്റ് ചെയ്തത്.

ശബരിമലയിലെ യുവതീപ്രവേശന വിഷയത്തിൽ ഉൾപ്പെടെ പത്മകുമാറും വാസുവും തമ്മിൽ അഭിപ്രായ വ്യത്യാസം നിലനിന്നിരുന്നു. സർക്കാരിന്റെയും മുഖ്യമന്ത്രിയുടെ ഏറ്റവും വിശ്വസ്തനായ ആളായിരുന്നു വാസു. പത്മകുമാറിനെ മറികടന്ന് ദേവസ്വം ബോർഡിൽ പല നടപടികളും വാസു കൈക്കൊണ്ടിരുന്നു. ഇതിനെല്ലാം സർക്കാരിൽ നിന്നു വാസുവിന് നല്ല പിന്തുണ ലഭിച്ചിരുന്നു. വാസുവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കൂടിയാണ് പത്മകുമാറിനെ അന്വേഷണ സംഘം ചോദ്യം ചെയ്യാൻ നോട്ടീസ് നൽകിയിരിക്കുന്നത്.

# ഫ്രഷ് കട്ട്: നിരാഹാര സമരവുമായി സമരസമിതി

കോഴിക്കോട് താമരശേരി കട്ടിപ്പാറയിലെ ഫ്രഷ് കട്ട് അറവുമാലിന്യ സംസ്കരണ കേന്ദ്രത്തിനെതിരെ പ്രതിഷേധം കടുപ്പിച്ച് സമരമിതി. കട്ടിപ്പാറ പഞ്ചായത്ത് മുൻ പ്രസിഡൻറ് ബിജു കണ്ണന്തറ അനിശ്ചിതകാല നിരാഹാര സമരവുമായി രംഗത്തെത്തി. അമ്പലമുക്കിലെ ജനകീയ സമരസമിതിയുടെ സമരപ്പന്തലിലാണ് നിരാഹാരം ഇരിക്കുന്നത്.

ജില്ലാ ഭരണകൂടം നിരോധനാജ്ഞ പ്രഖ്യാപിച്ചത് ഫ്രഷ് കട്ടിന്റെ പ്രവർത്തനത്തെ സഹായിക്കാൻ വേണ്ടിയാണെന്നാണ് സമരസമിതിയുടെ ആരോപണം. അടുത്ത ഘട്ടത്തിൽ ജില്ലാതലത്തിലേക്കും സെക്രട്ടറിയേറ്റിലേക്കും സമരം വ്യാപിപ്പിക്കാനാണ് തീരുമാനം.

കഴിഞ്ഞ ദിവസം അമ്പായത്തോട്ടിലെ ഫ്രഷ് കട്ട് അറവ് മാലിന്യ സംസ്കരണ പ്ലാൻറിന്റെ പ്രവർത്തനം ഭാഗികമായി പുനരാരംഭിച്ചിരുന്നു. സംഘർഷത്തെ തുടർന്ന് അടഞ്ഞുകിടന്ന പ്ലാൻറ് പോലീസ് സുരക്ഷയിലാണ് നേരിയ അളവിൽ സംസ്കരണം തുടങ്ങിയത്.